₹ 5

# Hydel Bullet

A Monthly Publication of the Kerala State Electricity Board Engineers Association

## Act immediately to create Base Load Generation Capacity

The Opposition stormed out of the Assembly in protest against what it termed the present Government's inept handling of the power crisis. An adjournment motion on the issue was moved by former Electricity Minister Sri. A K Balan. According to the former Minister, mismanagement by the KSEB had forced imposition of the burden of a thermal power surcharge and an unannounced load shedding upon the consumers. The Government could have done without the surcharge - 25 paisa per unit collected from October 1 - as the KSEB had a revenue surplus of Rs 22 crore, he argued. Quite promptly, Electricity Minister Sri. Aryadan Mohammed replied that the proposal for imposing thermal fuel surcharge was moved by the previous LDF Government, when Sri.Balan himself was the Electricity Minister. The KSEB was committed to purchasing substitute power to tide over the crisis whatever be the cost,Sri. Aryadan Mohammed said. Although Kerala was entitled to 1134.33 MW as Central share, the state had been getting only around 950 MW. This was cut down further following the crisis at Talcher II and Ramagundam power stations.

The history of Hydropower development in Kerala begins with the commissioning of Pallivasal Hydro Electric Project in 1940. Next few decades saw the progressive developments of various schemes. 300 MW Sabarigiri Hydro Electric Project in 1965 and 780 MW Idukki Hydro Electric Project in 1976-1982 are milestones in the endeavor of power development of Kerala State Electricity Board. Over the last Seventy years, the Power development in Kerala has grown from a total installed capacity of 109 MW to an installed capacity of 2746 MW and created Transmission and Distribution networks of over 10404 and 272480 circuit kilometers respectively. At present, the Board caters to the needs of 103 lakh consumers spread over the urban and rural areas of the State. This incremental growth in the power system brought several changes in the characteristics of the system. The input cost

⇨

**KSEB Engineers Association**
**Office Bearers - 2011 - 12**

**ASSOCIATION**

**President**
Er. E. MOHAMMED SHEREEF

**Vice-President** (South)
Er. GEORGE MATHEW

**Vice-President** (North)
Er. K. NAGARAJA BHATT

**General Secretary**
Er. N.T.JOB

**Treasurer**
Er. K. MUKESH KUMAR

**Organising Secretaries**
Er. EDWIN CALLISTUS (S)
Er. T.B. JAGATHY (N)

**Secretaries**
Er. V. RANJIT KUMAR (HQ)
Er.K. R. RAJAN (S)
Er. A.C. ABDUL NAZAR (N)

**BENEVOLENT FUND**

**Chairman**
Er. GEORGE. V. JAMES

**Vice Chairperson**
Er. SUSAN JOSEPH

**Secretary**
Er. K.P. JEEJI FRANCIS

**Treasurer**
Er. G. SHAJ KUMAR

**Joint Secretaries**
Er. P.JAYAKRISHNAN
Er. SHEELA M. DANIEL

**EDITORIAL BOARD**

**Chief Editor**
Er. MURALI P.

**Associate Editor**
Er. K. SUNIL

**Ex. Officio Members**
Er. N.T JOB
Er. V. RANJIT KUMAR

structure and revenue composition have undergone significant changes. Until the recent past, the hydroelectric plants owned by the Board supplied a major portion of the energy requirement of the state. However, after the promulgation of the Forest Conservation Act in 1980, the implementation of new hydroelectric projects had been seriously affected and more costly thermal energy had to be generated / purchased to meet the increasing demand.

Over the years, the consumption of heavily subsidized domestic sector has been increasing and now, it accounts for approximately 46% of the total energy consumed. As a consequence, the peak demand in the state has increased to almost twice the off-peak demand. This forced more investment in the power system to meet the peak demand and purchase of thermal energy from outside the State. But the capacity so created for meeting the peak demand remains under-utilized during the off-peak periods. The Board had been supplying electricity at lowest price in the country for several decades. Because of this the Board had to resort to heavy borrowings to meet the expenses. Though the Board was statutorily enjoined to function as a commercial institution, it continued to function mainly with service orientation providing infrastructure facility, relief's and concessions to other sectors like Industry, Agriculture and so on. Now, the State Commission insists upon to perform strictly on commercial considerations. ⇨

At present, KSEB has a total installed capacity of 2746 MW including the two Diesel power plants at Brahmapuram and Kozhikode. Kerala has approximately 1030 MW of power allocation from Central Government owned Power Projects. Facing a peak-time deficit of 1,500 MW, Kerala is headed for a power crisis due to sharp reduction in its share from the Central grid and virtual stoppage of supply from the unallocated pool. Power cut and load-shedding appear to be in store for the State, which relies heavily on its hydel base. It is not in a position to meet the growing demand-supply gap.

"The situation is really serious. We will be forced to take hard measures if the State's due share from the Central pool is not restored. It will be a heavy burden on the State to meet its demand from the 360-MW Kayamkulam thermal plant of the National Thermal Power Corporation and other smaller non-hydel sources in the State, considering the huge cost of power generated by them. The State is now drawing up to 180 MW from Kayamkulam, which costs nearly Rs.12 a unit, much higher than electricity from hydel sources. The capacity of the reservoirs has limitations

Power consumption in the State went up considerably in the last two years with allotment of eight-lakh new connections, both domestic as well as industrial.

The new government got too little time in office and before that Sri A.K. Balan was the Electricity minister. According to the former minister the mismanagement and the poor planning were the main reason for the present scenario**.** He also cautioned the present Minister against the misdeeds of certain officers in Board. In the Concept paper of the previous LDF government they had planned a capacity addition of 500 MW during their tenure. But nothing happened in capacity addition except certain non-conventional additions. Had the mismanagement and poor planning **are** the reason for that failure in capacity additions, where does he points the accusing finger? Regarding the miscreant officers, it must be noted that after the inception of the present government no major changes were done in the above functional areas and hence the present Minister should take his warning seriously.

In the last year our energy consumption has exceeded 17500 MU and the peak demand touched 3113 MW in which just 40% was only contributed from our generating stations even with a rain fall that was above 6% during that period. The balance 60 % of the demand was met by central share, costlier power from other diesel stations and from power exchange. In order to tide over the critical situations we have to build higher capacity generating station in our state. Other wise just like the other essential commodities our state has to depend on other states in meeting the power demands and Thelungana and Naxel agitation will severely affect the development of our state.

⇨

# കെ.എസ്.ഇ.ബി എഞ്ചിനീയേർസ് അസ്സോസിയേഷന്റെ നവീകരിച്ച വെബ് സൈറ്റ് വിദ്യുച്ഛക്തി വകുപ്പു മന്ത്രി ശ്രീ.ആര്യാടൻ മുഹമ്മദ് ഉത്ഘാടനം ചെയ്തു.

**കെ.**എസ്.ഇ.ബി എഞ്ചിനീയേർസ് അസ്സോസിയേഷന്റെ ksebea.in എന്ന നവീകരിച്ച വെബ് സൈറ്റ് കേരള വിദ്യുച്ഛക്തി വകുപ്പു മന്ത്രി ശ്രീ.ആര്യാടൻ മുഹമ്മദ് അദ്ദേഹത്തിന്റെ ചേംബറിൽ വച്ച് 4-10-2011ൽ ഉത്ഘാടനം ചെയ്തു. സംഘടനയിലെ അംഗങ്ങൾക്കെന്ന പോലെ പൊതുജനങ്ങൾക്കും ഉപകാരപ്രദമാകുന്ന തരത്തിൽ വെബ് സൈറ്റ് നടത്തിക്കൊണ്ടു പോകണമെന്ന് ഉത്ഘാടനത്തോടനുബന്ധിച്ച് മന്ത്രി അഭിപ്രായപ്പെട്ടു.

വെബ് സൈറ്റിന്റെ പ്രത്യേകതകളെ കുറിച്ച് വെബ് സൈറ്റിന്റെ കോർഡിനേറ്റർ Er. George.V.James വിശദീകരിച്ചു. ഈ വെബ് സൈറ്റിലൂടെ ഉപഭോക്താക്കൾക്കുണ്ടാവുന്ന സംശയങ്ങൾ ഉന്നയിക്കാവുന്നതാണ്. അതിനുള്ള മറുപടി സൈറ്റിലൂടെ ലഭിക്കും. വൈദ്യുതി മേഖലയുമായി ബന്ധപ്പെട്ട സൈറ്റുകളിലേക്ക് അസ്സോസിയേഷന്റെ വെബ് സൈറ്റിലൂടെ പ്രവേശിക്കാൻ സാധിക്കാമെന്ന പ്രത്യേകതയും ഇതിനുണ്ട്.

അസ്സോസിയേഷൻ പ്രസിഡന്റ് Er.E. Mohammed Shereef, Former President Er.G.S.Ajikumar, Vice President Er.George Mathew, General Secretary Er.N.T.Job, Secretary. Er.T.B.Jagathy, Treasurer Er.K.Mukeshkumar മറ്റ് കേന്ദ്ര ഭാരവാഹികൾ, സംഘടനാ അംഗങ്ങൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

**ജനറൽ സെക്രട്ടറി**

---

In this circumstance the proposed a 1026 MW gas based power plant at Kochi, that can be completed within 3 years should be given due diligence. The previous government had issued the administrative sanction for the proposal and the request for gas allocation is pending before the CEA. The project envisages three units having capacity of 324 MW each. The proposed project cost was estimated as 4500 Crores. According to GAIL the per unit cost of electricity from this proposed gas based plant is nearly 3.10 to 4.95 depends upon the import percentage of the gas. Another proposal of similar capacity was also proposed by PetroNet LNG at Kochi. Now the proposal of Cheemeny coal based station and Bharamapuram gas based station is in cold storage due to environmental and other issues. While maintaining our effort to harnessing the hydro potential, effort should be given to construct at least two major base load power stations in our state. Let the proposed LNG based 1026 MW at Brahmapuram be the first such one. ✵

**ലോ**കത്ത് അടിമത്വമെന്തെന്ന് അറിയാത്ത ജനസമൂഹമാണ് നാം. അതുകൊണ്ട് തന്നെ സ്വാതന്ത്ര്യമെന്തെന്ന് നമുക്ക് അറിയില്ല. എന്തും പറയുവാനും ചെയ്യുവാനുമുള്ള അവകാശമാണ് സ്വാതന്ത്ര്യമെന്ന് ധരിച്ചിരിക്കുന്നു. മററുള്ളവരുടെ ആവശ്യങ്ങളൊ അവരുടെ നിലനിൽപ്പൊ ഇവർക്ക് പ്രശ്നമല്ല. പാരതന്ത്ര്യം എന്തെന്ന് അറിഞ്ഞ വർക്കെ സ്വാതന്ത്ര്യത്തിന്റെ സുഖം അനുഭവി ക്കാൻ സാധിക്കൂ. കണ്ണുള്ളവന് കണ്ണിന്റെ വില അറിയാത്തത് പോലെ. ഇന്ന് നാം അനുഭവിക്കുന്ന സകല ദുരിതങ്ങൾക്കും കാരണം അന്യന്റെ മൗലിക സ്വാതന്ത്ര്യത്തിന് വിഘ്നം വരുത്തുന്നത് കൊണ്ടാണ്. സ്വാർത്ഥ താൽപര്യത്തിനായി ദു:സ്വാതന്ത്ര്യം ഉപയോഗിച്ച് കാട്ടികൂട്ടുന്ന ഭീകരതക്കിരയായവർ അനവധിയാണ്. മഹാത്മജി നേടിത്തന്ന സ്വാതന്ത്ര്യം ഇത്തരത്തിൽ നാടിനെ അപകടപ്പെടുത്താൻ ഉപയോഗിച്ചാൽ കാലം മാപ്പ് തരില്ല. സഹജീവികളുടെ മൗലിക ആവശ്യ ങ്ങൾക്ക് കോട്ടം തട്ടാതെ ജീവിക്കുകയാണ് വേണ്ടത്. അതിനായി ചില ചട്ടങ്ങൾ ഇവിടെ നടപ്പിലാക്കിയിരിക്കുന്നു. ഈ ചട്ടങ്ങളുടെ നിയന്ത്രണത്തിൽ വേണം ഓരോ പൗരനും ജീവിക്കാൻ. ഈ നിയന്ത്രണത്തിൽ നിന്ന് വിട്ട് ജീവിക്കാനുള്ള ചിലരുടെ ആഗ്രഹമാണ് ഗുരുതര മായ പ്രശ്നം വരുത്തുന്നത്.

ഒരാളും നിയന്ത്രിക്കാനില്ലാതെ വളർന്നയാളു ടെ ജീവിതം പലപ്പോഴും വഴിവിട്ടതായിരിക്കുമെന്ന് അനുഭവം തെളിയിക്കുന്നു. അതിനാൽ ആരുടെ യെങ്കിലും നിയന്ത്രണം മാതൃകാപരമായ ജീവിതത്തിന് അത്യാവശ്യമാണ്. ഇത് സ്വാതന്ത്ര്യം നിഷേധിക്കലാണെന്നർത്ഥമില്ല. ചില കുട്ടികൾ വീട്ടിൽ കുഴപ്പക്കാരാണെങ്കിലും പുറത്തി റങ്ങിയാൽ മര്യാദക്കാരായിരിക്കും. വീട്ടിൽ അമിത സ്വാതന്ത്ര്യം അനുഭവിക്കുന്ന കുട്ടികളാണ് കിട്ടുന്ന അവസരത്തിലെല്ലാം ദു:സ്വാതന്ത്ര്യം പരമാവധി ഉപയോഗപ്പെടുത്തി വീട്ടിൽ വില്ലനാകുന്നതും പുറത്ത് ശാന്തനാകുന്നതും. ക്രമേണ പുറത്തും അവൻ വില്ലത്തരം പരീക്ഷിക്കുന്നു. ആരെങ്കിലും തന്നെ ശ്രദ്ധിക്കുന്നുണ്ടെന്നും നിയന്ത്രിക്കുന്നു ണ്ടെന്നുമുള്ള തോന്നൽ ചിട്ടയായ ജീവിതത്തിന് വഴിയൊരുക്കും. നിയന്ത്രണത്തിൽ നിന്ന് വിട്ട് ജീവിക്കാനാഗ്രഹിച്ചാൽ നാശമായിരിക്കും ഫലം.

കുട്ടികൾ പട്ടം പറത്തുകയായിരുന്നു. കാറ്റിന്റെ ഗതിക്കനുസരിച്ച് അവർ അതിനെ നിയന്ത്രിച്ചു കൊണ്ടിരുന്നു. പട്ടങ്ങൾ ഉയരങ്ങളിൽ നിന്ന് ഉയരങ്ങളിലേക്ക് പാറിക്കൊണ്ടിരുന്നു. ഉയർന്നുകൊണ്ടിരിക്കുന്ന പട്ടങ്ങളിൽ ഒരു പട്ടം ചിന്തിച്ചു. കേവലം ഒരു പയ്യനാണ് എന്നെ നിയന്ത്രിക്കുന്നത്. അവന്റെ കയ്യിലെ നൂൽ പൊട്ടിക്കാൻ സാധിച്ചാൽ സ്വതന്ത്രമായി ആകാശത്തിൽ ഇഷ്ടം പോലെ പറക്കാം. ഈ നൂൽ പൊട്ടിക്കാൻ സാധിച്ചിരുന്നെങ്കിൽ........ അപ്പോൾ അതിലെ പറന്നു പോകുന്ന പ്രാവിനോട് തന്നെ ബന്ധിച്ചിരിക്കുന്ന നൂൽ പൊട്ടിച്ചു തരണമെന്ന് അപേക്ഷിച്ചു. അതപകടമാണെന്ന് പ്രാവ് മുന്നറിയിപ്പ് നൽകി. എന്നാൽ പട്ടത്തിന്റെ നിർബന്ധത്തിന് വഴങ്ങി കുട്ടിയുടെ കയ്യിലെ നൂലിന്റെ ബന്ധം വേർപെടുത്തി. ഹാ, എന്തൊരാശ്വാസം. ഇഷ്ടം പോലെ എവിടേയും എങ്ങിനേയും പറക്കാം. പട്ടം യഥേഷ്ടം പറന്നു. ഇത്രയും സമയം ഞാൻ തടവിലായിരുന്നല്ലൊ. പാറികൊണ്ടിരിക്കുന്ന മററു പട്ടങ്ങളെ പരിഹസിച്ചു കൊണ്ട് അവിടമാകെ പാറി നടന്നു. ഞാനനുഭവിക്കുന്ന സുഖം ഇവർക്കറിയില്ല. പട്ടം നഷ്ടപ്പെട്ട പാവം പയ്യൻ എന്ത് ചെയ്യുകയായി രിക്കും. അറിയാൻ കൊതിയായി. എന്നാൽ പയ്യനെ അവിടെയൊന്നും കണ്ടില്ല. പെട്ടെന്നാണ് അത് സംഭവിച്ചത്. ശക്തിയായ കാററ് വന്നു. പട്ടത്തിന് പിടിച്ചു നിൽക്കാനായില്ല. ലക്ഷ്യം തെററി ചളിക്കുണ്ടിൽ പതിച്ചു. തലയുയർത്തി നോക്കി. കണ്ട കാഴ്ച വേദനാജനകമായിരുന്നു. താൻ പരിഹസിച്ചു തള്ളിയ പട്ടങ്ങൾ ഇപ്പോഴും

⇨

# THE PING PONG WAY OF PAVING FRIENDSHIPS

Dr. Thomaskutty Mathew Dy.C.E.(Rtd.)

When the *"Urvasi Shapam"* was delivered to me by the Professor in his polite words,

*" I'm afraid You are too early for the second hour" forbidding me to enter the class,*

I had no other way than to clear out, for there was no justification in my being late by fifteen minutes, ( all others being in time) for the first hour ( final year Elec. 1969, TKM College of Engg. )

But spending the balance time upto the start of the second hour was the problem due to

1. Seeking asylum in the library was not my habit and
2. It was not yet tea-time in the Canteen.

Thus the idea of visiting the store struck me. On the way I could sense some movements and sound in the projection room of first floor. Due to sheer curiosity I peeped through the partially closed door to see the game of Table tennis being played over there. It was Intercollegiate matches trials for the University Team Selection.

And that was the first time I seriously watched a Table Tennis Match, which seemed quite interesting. Game after game followed with different players in different styles, each game proving better than the previous one, as the rounds advanced.

Needless to say that I was too absorbed in the game to attend any more classes. Incidentally that was the first and only day (during my college days) I dare cut classes. Inspired and highly motivated from these matches I started playing TT from the next day onwards.

College team selection for TT came just after a fortnight and being a final year I was bold enough to make a wild card entry, though I was more than sure to be the last rank. But another final year snatched the last rank from me.

However the lecturer in charge, who himself was just two years senior to us in the same college, supported both of us with his declaration just before the start of the match between us, the lowest two, ⇨

---

ആകാശത്തിൽ വട്ടമിട്ടു പറക്കുന്നു. ഒരു കുഴപ്പവുമില്ല. തന്നെ നിയന്ത്രിച്ചിരുന്ന പയ്യൻ എന്താണ് ചെയ്യുന്നത്? തന്നെക്കാൾ വലിപ്പവും മനോഹരവുമായ വേറൊരു പട്ടം കെട്ടി ആകാശത്തിലേക്ക് ഉയർത്തികൊണ്ടിരിക്കുന്നു. അത് പയ്യന്റെ കയ്യിൽ സുരക്ഷിതമായി മററു പട്ടങ്ങളെക്കാൾ ഉയരത്തിൽ പറക്കുന്നു. ഞാനി ചളിക്കുണ്ടിലും. പ്രാവ് മുന്നറിയിപ്പ് തന്നതായിരുന്നു. കേട്ടില്ല. നല്ല ഉപദേശങ്ങളെ തിരിച്ചറിഞ്ഞില്ല. അഹങ്കാരം തന്നെ ഈ ചളിക്കുണ്ടിൽ എത്തിച്ചിരിക്കുന്നു.

നല്ല ഉപദേശങ്ങൾ തിരിച്ചറിയുക. നിയന്ത്രണ വിധേയനായി നേരായ വഴിക്ക് ജീവിക്കുക. മാതൃകാപരമായ ജീവിതത്തിന് ആരുടെയെങ്കിലും നിയന്ത്രണം അത്യാവശ്യമാണ്. എന്നാൽ നിയന്ത്രണം ആരെ ഏൽപ്പിക്കും. ഇവിടേയും തെററ് പററാം. ആരെ വിശ്വസിക്കും? ഒട്ടും സംശയിക്കേണ്ട. നാമെല്ലാം വിശ്വസിക്കുന്ന ദൈവത്തിന്റെ കയ്യിൽ. അവിടെ ജീവിതം സുരക്ഷിതമാണ്. ആനന്ദകരമാണ്.

കെ. ശശിധരൻ
(9447236631)

" I challenge the winner of this match. If he wins, I will treat him and if I win, he will have to be the host".

I could narrowly win both these matches to winning the bet against the lecturer. Thereafter the relation between us grew up from teacher student to that of senior junior friends. He was so nice with all sporting spirit. And was the king maker in every event coordinating all students.

In my early years of service in KSEB, there was enough facility to play TT and utilizing that I could figure out in the Idukki Zone and Kottayam Zones of the KSEB Annual Sports and Games in the seventies.

However in the Inter-Zone matches , the star of the time was Er.Brahmadathan, from Trichur. He was an eminent Engineer, a strong member of KSEBEA, and a man of many trades. He was already impressing everybody with his being handsome and pleasing . He used to surprise all TT opponents with typical services packed with heavy reverse and side spin.

I took him a model and went on practicing all his style and tactics for five years. Every year he would give me nice advice and coaching when we meet for the interzone. Finally in 1979, when I beat him in Doubles finals, and singles super league matches, it was he who was more happy congratulating me warmly. That was fully a Ping pong way of paving friendship.

In 1995, during the Silver Jubilee of the 1970 batch of TKM Alumnee, Prof.Moideen kutty,

(elder brother of Muhammed. Ali Rawthar, Tech-Member),My TT friend, greeted me at the top of his voice .

" Thomaskutyee... Vittoda"

In the KSEBEA AGB at Trichur, I could exchange warm regards with Er.Brahmadattan, CE (Rtd). Before parting, my friend uttered ( or whispered in my ears ), Thomaskutyee... Vittoda., which still reverberates. Who knew that he would be no more before the next AGB. That words now fills me with emotion.

Brahmadathan Sir, I bow before your talents! ✵

# CONGRATULATION



Sri.Unnikrishna.M.Menon, son of Er.K.Mdhava Menon, (Retd EE) won the GOLD MEDAL from AMRITHA UNIVERSITY. He has graduated from AMRITA SCHOOL Of ENGINEEING, BANGALORE in Electrical & Electronic Engineering in 2011.

*KSEB Engineers Association congratulates him on his victory*

# തൊട്ടെണ്ണാവുന്ന ദിനങ്ങൾ

***ഇക്കൊല്ലത്തെ വയലാർ അവാർഡ് നേടിയ ശ്രീ.കെ.പി. രാമനുണ്ണിയുടെ ജീവിതത്തിന്റെ പുസ്തകം എന്ന നോവലിലെ ഏതാനും ഖണ്ഡികകൾ.***

ഇപ്പോൾ എത്തിയ പ്രായത്തിന്റെ കടവിൽ നിന്ന് കടൽവിലയനമെന്ന മരണത്തിലേക്കുള്ള ദൂരം ഏറിയാൽ മുപ്പത്തഞ്ച് വർഷമാണെന്ന് അപ്പോൾ മനസ്സിലായി. മുപ്പത്തഞ്ച് പെരുക്കണം മുന്നൂറ്റി അറുപത്തിയഞ്ച് എത്രയാണ് വരിക? പന്തീരായിരത്തി എഴുനൂറ്റി എഴുപത്തിയഞ്ച് ! ഒരു രൂപ ചെലവാകുന്ന അത്ര എളുപ്പമല്ലേ സുബൂ, ഒരു ദിവസം നമുക്കു ചിലവായി പ്പോകാൻ- അപ്പോൾ വെറും പന്ത്രണ്ടായിരത്തി എഴുനൂറ്റി എഴുപത്തിയഞ്ച് രൂപ ആയൂർ അക്കൗണ്ടിൽ ബാലൻസുള്ള ആളാണു ഞാൻ ..! അതോടെ വർഷത്തെക്കുറിച്ചുള്ള വിഡ്ഢി ഗൗരവം നഷ്ടപ്പെട്ട് തൊട്ടെണ്ണാവുന്ന ദിനങ്ങൾ മാത്രം കൺമുന്നിൽ എഞ്ചുവടിയായി.

ജോലി സംബന്ധമായി ആലോചിക്കുകയാണെങ്കിൽ റിട്ടയർ ചെയ്യുന്നതു വരെയുള്ള ആറായിരത്തി എഴുന്നൂറോളം പ്രവൃത്തി ദിനങ്ങൾ ടെൻഷനടിച്ചും ഇഞ്ചി കടിച്ചും ഒരേ തരത്തിൽ പണ്ടാരമടങ്ങാനുള്ളതാണ്. അതിൽ പ്രമോഷൻ ലഭിക്കുന്ന ഏറിയാൽ രണ്ടേ രണ്ടു സന്ദർഭങ്ങളിൽ മാത്രം ഒരു തരം അടിസ്ഥാനമില്ലാത്ത അഭിമാന ബോധമോ സന്തോഷ ബോധമോ പതിനൊന്നോ പന്ത്രണ്ടോ മിനിറ്റ് നേരത്തേക്ക് നില നിന്നേക്കാം. പോസ്റ്റിങ്ങ് ലിസ്റ്റിൽ ഹെഡ് ഓഫിസിലുള്ള പഴയ ഏതോ ശത്രു പാര വെച്ച വിവരം അറിയുന്ന പതിമൂന്നാം മിനിറ്റിൽ അതവസാനിക്കുകയും ചെയ്യും.

പിന്നെ ഔദ്യോഗിക ജീവിതത്തിൽ ശകലം വ്യത്യാസമുള്ള ദിവസമുള്ളത് റിട്ടയർമെന്റ് ഡേയാണ്. ഫേർവെൽ പാർട്ടിക്കു വരാമെന്നേറ്റ ജി.എം.ഒ. അവസാന നിമിഷം പ്രോഗ്രാം ക്യാൻസൽ ചെയ്തതിലും, പേഴ്സണൽ മാനേജർ പ്രസംഗത്തിൽ പൂളു വച്ചു സംസാരിച്ചതിലും, കഴിഞ്ഞ മാസം റിട്ടയർ ചെയ്ത വിശ്വനാഥന്റെ പാർട്ടിക്ക് രണ്ട് ഡെസേർട്ടുകൾ ഉണ്ടായപ്പോൾ എന്റേതിൽ ഒന്നു മാത്രമായി ചുരുങ്ങിയതിലും മനസ്സ് കയ്ച്ച് കളിക്കുന്നതിനാൽ ജോലിക്കാലത്തിന്റെ സാർത്ഥകമായ വിലയിരുത്തലുകളൊന്നും അവിടെ നടക്കില്ല.

ഇനിയും ഭർത്താവും ഭാര്യയും മകളും ചേർന്നു നടത്തുന്ന സ്ഥാപനത്തിന്റെ ആയുർ ബാക്കിയിലേക്കുള്ള അനുഭവ വിഹിതം എന്തായിരിക്കുമെന്ന് നോക്കാം. ഉടൻ ഉണ്ടാകുന്ന ട്രാൻസ്ഫറിനാൽ ഡോ. ഇന്ദിരയെ എറണാകുളത്തു നിർത്തി തിരുവനന്തപുരത്തേക്കോ മദ്രാസിലേക്കോ ഉള്ള എന്റെ കെട്ടു കെട്ടൽ, ആറാം ക്ലാസിലേക്ക് പാസ്സാകുന്നതോടെ മകൾ അഞ്ജുവിനെ ബോർഡിങ്ങ് സ്കൂളിൽ കൊണ്ടു ചെന്നു ചേർക്കൽ. ഒരേ വീട്ടിൽ താമസിക്കുമ്പോൾ തന്നെ ദിവസത്തിൽ മുപ്പതു മിനിറ്റിൽ കുറവ് നേർക്കുനേർ കണ്ടിരുന്ന ഞങ്ങൾ പിന്നീട് മൂന്നോ നാലോ മാസത്തിലൊരിക്കൽ അതിലും കുറച്ചു സമയമായിരിക്കും കണ്ടു മുട്ടുന്നത്. അപ്പോൾ ത്തന്നെ പരസ്പരം മുഖത്തേക്ക് നോക്കുന്നതിനു പകരം ചെക്കു ലീഫുകളോ, ഡോക്കുമെന്റുകളോ ഒപ്പിടുന്നതിന്റെയോ, തിരിച്ചു പോക്കിന്റെ ടിക്കറ്റുകൾ ശരിയാക്കുന്നതിന്റെയോ, ഹോട്ടൽ ബില്ല് തീർക്കുന്നതിന്റെയോ തഡുതികളിലായിരിക്കും.

പിന്നെ അനിവാര്യമായും അമ്പത്തഞ്ചു വയസ്സിനുള്ളിൽ എനിക്കു നടത്തേണ്ടി വരുന്ന ബൈപ്പാസ് ഓപ്പറേഷന്റെ കൃത്യസമയത്തു തന്നെ ഒഴിയാൻ പറ്റാത്ത മെഡിക്കൽ കോൺഫറൻസിന് ഇന്ദിരക്ക് ഡെൽഹിയിലേക്ക് പോകേണ്ടി വരും. എന്റെ സുഖ വിവരമറിയാനുള്ള അവളുടെ ഫോൺ കോൾ ഡ്യൂട്ടിനേഴ്സ് അറ്റന്റ് ചെയ്യുന്നത് ഇ. ടി

⇨

സിനിമയിലെ വിചിത്ര ജന്തുവിന്റെ ശബ്ദത്തിലായിരിക്കും ഞാൻ ഓവർ ഹിയർ ചെയ്തു കിടക്കുന്നത്. ഊട്ടിയിൽ പഠിക്കുന്ന അഞ്ജ്ജുവിനെ പ്ലസ് റ്റു വെക്കേഷനു കൂട്ടാൻ ചെല്ലുമ്പോഴാണ് ഏതാണീ യന്ത്രമെന്ന് തോന്നും വിധം റെക്കോർഡഡ് ടെലിഫോൺ മെസ്സേജുകളുടെ ഭാഷയിലായിരിക്കും അവളുടെ സംസാര രീതി. പിന്നീട് ഇ-മെയിലു കളും എസ്.എം.എസ്. മെസ്സേജുകളുമായി സാന്നിദ്ധ്യമറിയിക്കുന്ന കുട്ടിക്ക് എൻജിനീയറിംഗ് കോളേജിൽ അഡ്മിഷൻ ലഭിക്കലും, ക്യാമ്പസ് സെലക്ഷനിലൂടെ വിപ്രോ കമ്പനിയിൽ ചേരലും, രാത്രി വൈകും വരെയുള്ള ഡ്യൂട്ടി പ്രശ്നം പരിഹരിക്കാൻ അവൾ കൂടെയുള്ള കോന്തനെ വിവാഹം കഴിക്കലും, മാര്യേജ് റിസപ്ഷനു ബാംഗ്ലൂരിൽ പോയി ബൂന്തി പോലുള്ള എന്തോ പലഹാരം തിന്നെനിക്ക് ഓക്കാനം വരലുമായി ട്രാഷ് നോവലുകളിൽ പോലും ചേരാക്രമമമായി തോന്നും അദ്ധ്യായം പോൽ ഏക മകളുമായുള്ള ബന്ധമൊടുങ്ങലും സംഭവിക്കും.

പെട്ടെന്നാണ് വിവാഹമാസം എടുത്ത പോളിസി മച്വറായി വന്ന് ഞങ്ങളുടെ കല്യാണം കഴിഞ്ഞ് മുപ്പതു വർഷമായെന്ന് തിരിച്ചറിഞ്ഞ് ഇപ്പോഴും വലുങ്ങനെ പരിചയം തോന്നാത്ത ഈ സ്ത്രീക്കൊപ്പം (!) മൂന്നു ദശാബ്ദം ജീവിച്ചെന്ന് ഞെട്ടൽ ഉണ്ടാകുക. എത്ര ആലോചിച്ചിട്ടും ഇത്ര കാലം ഈ ലോകത്ത് ഞങ്ങൾ എന്തു ചെയ്യുകയായിരുന്നു എന്ന പിടികിട്ടായ്മയും മന്തം മറിച്ചിലും കണ്ണ് മഞ്ഞളിക്കലും ആയിരിക്കും അപ്പോൾ.

കെട്ട ഭക്ഷണം വിളമ്പി വെച്ച ഹോട്ടൽ മേശക്ക് മുന്നിൽ നിന്ന് എഴുന്നേറ്റു പോകുന്ന പോലെ എളുപ്പമായിരുന്നു സുബ്ബൂ, എനിക്ക് ബാങ്ക് ഓഫീസർ കം ഗൈനകോളജിസ്റ്റ്സ് ഹസ്ബന്റ് തസ്തിക ഉടൻ വിടുക എന്ന തീരുമാനമെടുക്കാൻ. വീട്ടുകാരും സഹപ്രവർത്തകരുമെല്ലാം മഹാ ഭ്രാന്തെന്നു ബഹളം വെച്ച അക്കാര്യം എന്റെ മാനസികാവസ്ഥയിൽ അപ്പോൾ ചെയ്യാവുന്ന ഏറ്റവും ബുദ്ധിപരമായ ഒരേയൊരു പ്രവൃത്തി മാത്രമായിരുന്നു.

**അനുബന്ധം**

എനിക്കേറെയിഷ്ടപ്പെട്ട ജീവിതത്തിന്റെ പുസ്തകത്തിലെ എത്രയോ ഭാഗങ്ങൾ ഇതു പോലെ എടുത്തെഴുതുവാനുണ്ട്. മുകളിലെ ചെറിയഭാഗം വായിച്ചപ്പോൾ നിങ്ങൾക്കറിയാവുന്നവരാരെങ്കിലും മനസ്സിലൂടെ കടന്നു പോയോ? അതോ നിങ്ങളെത്തന്നെ എവിടെയെങ്കിലും ഒരു മിന്നലാട്ടമായി കണ്ടുവോ? രണ്ടും അസംഭവനീയങ്ങളല്ല. മക്കളെ ഡോക്ടറും എഞ്ചിനീയറുമാക്കാനുള്ള തത്രപ്പാടിൽ നമുക്കെവിടെയൊക്കെയോ നഷ്ടപ്പെടുന്നത് ചടുല ജീവിതത്തിലെ താള ങ്ങളാണ്, കൊച്ചു കൊച്ചു സന്തോഷങ്ങളാണ്, അതോടൊപ്പം ബന്ധങ്ങളുടെ സാർത്ഥതകളും രാമനുണ്ണിയുടെ പുസ്തകത്തിലെ ഗോവിന്ദവർമരാജ ചെയ്ത പോലെ കടപ്പുറത്തേക്കൊരു ഒളിച്ചോട്ടമാണോ പരിഹാരം അല്ല, നമുക്കു കൂടുതൽ സാർത്ഥകമായി ജീവിക്കാം. ദിവസത്തിൽ 30 മിനിറ്റ് തമ്മിൽ കാണുന്ന ഭാര്യാ ഭർത്താക്കന്മാരല്ലാതെയാകും. നമ്മുടെ സമയത്തിന്റെ അല്പ ഭാഗമെങ്കിലും ഭാര്യയോടും (ഭർത്താവിനോടും) കുട്ടികൾക്കുമൊപ്പം സന്തോഷങ്ങളും സങ്കടങ്ങളും പങ്കു വയ്ക്കാം. ഒരു നല്ല സമൂഹത്തിന്റെ ഭാഗമാകാം.

സമകാലീന കേരളത്തിന്റെ ദുരവസ്ഥയിൽ സാഹിത്യകാരന്റെ ഉത്കണ്ഠകളും ആകുലതകളുമാണ് ഇങ്ങനെ ഒരു രചനയിലേക്ക് നോവലിസ്റ്റിനെ നയിച്ചത്. മദ്യ ഉപയോഗത്തിന്റെ, ബാല്യ, സ്ത്രീ പീഡനങ്ങളുടെ, വിവാഹ മോചനങ്ങളുടെ റിക്കോർഡുകൾ തകർത്തു കൊണ്ടിരിക്കുക യാണല്ലോ നമ്മൾ കേരളീയർ. നേരിട്ടുള്ള റിപ്പോർട്ടിംഗല്ലാതെ പ്രശ്ന പരിഹാരത്തി നായി മാധ്യമങ്ങളോ,സർക്കാരോ, സാമൂഹിക പ്രവർത്തകരോ ഒന്നും ചെയ്യുന്നില്ല. ജീവിത ത്തിന്റെ പുസ്തകം യഥാർത്ഥത്തിൽ നമ്മുടെയൊക്കെ ജീവിതത്തിന്റെ പുസ്തകം തന്നെ യാണ്. പൂർണവായനയിൽ മനുഷ്യനെ മഹത്തായ നന്മയുടെ തലങ്ങളിലേക്കെ ത്തിക്കുവാൻ കരുത്തുള്ള ഈ നല്ല പുസ്തകം വായിക്കണേ എന്നു മാത്രം ഓർമിപ്പിച്ചു കൊണ്ട് നിർത്തട്ടെ.

*Er.*കെ.എൻ.രാമദാസ് ✵

# നാം രണ്ട് നമുക്ക് രണ്ട്

*Er.V.Rajan, Retd.DyCE*

ഇപ്പോഴത്തെ ലോക ജനസംഖ്യ ഏതാണ്ട് 700 കോടിയും ഇന്ത്യയുടേത് 120 കോടിയും നമ്മുടെ സംസ്ഥാനത്തിന്റേത് 3.2 കോടിയും വിസ്ത്രീർണ്ണം 38500 ചതുരശ്ര കിലോമീറ്ററു മാണ്. ഒരാളിന് ആവശ്യമായ വിഭവങ്ങൾ ഉല്പാദിപ്പിക്കാൻ വേണ്ടത് ഏതാണ്ട് മുക്കാൽ ഏക്കർ സ്ഥലമാണ്; അതെ സമയം ഇപ്പോൾ ലഭ്യമായത് ഇതിന്റെ മൂന്നിൽ ഒന്നു മാത്രമാണ്. ഇതിൽ തന്നെ സർക്കാരിന്റെ ഭവന നിർമ്മാണ നയം കാരണം ഈ ഏരിയ തന്നെ ഉല്പാദന പരമായ കാര്യങ്ങൾക്ക് ലഭ്യമല്ല. അങ്ങനെ ആണല്ലോ നമ്മുടെ വയലുകളെല്ലാം നികത്തപ്പെട്ടതും അവിടെയെല്ലാം വലിയ വീടുകൾ നിലവിൽ വന്നതും വന്നുകൊണ്ടിരിക്കുന്നതും.

നാട്ടിലെ പൗരന്മാരുടെ സർവ്വതോമുഖമായ വളർച്ചക്കും സമൂഹത്തിന്റെ വികസനത്തിനും അതിന്റെ വിഭവങ്ങൾ നീതിയുക്തമായ രീതിയിൽ വിതരണം നടത്തേണ്ടത് നിലവിലുള്ള സർക്കാരിന്റെ ഉത്തരവാദിത്വമാണ്. അതെ സമയം ഭൂമിയും അതിലെ വിഭവങ്ങളും വലിയ വ്യത്യാസങ്ങളില്ലാതെ നിലനില്ക്കുന്നു. പക്ഷേ ജനസംഖ്യ ക്രമമായി കൂടിക്കൊണ്ടിരിക്കുന്നു. ആധുനിക യുഗത്തിൽ മനുഷ്യന്റെ സാമാന്യമായ ആവശ്യങ്ങളും മാറിക്കൊണ്ടിരിക്കുന്നു. ഇതിനെ വരുതിയിൽ നിറുത്താൻ നേരത്തെ പറഞ്ഞ ഘടകങ്ങളിൽ ജനസംഖ്യാ പെരുപ്പത്തെ നിയന്ത്രിച്ചേ പറ്റൂ. ഈ പ്രശ്നത്തെ നേരത്തെ തന്നെ മാൽതൂസ് എന്ന സാമ്പത്തിക ശാസ്ത്രജ്ഞൻ, ജനസംഖ്യാ ഭക്ഷ്യ ലഭ്യതയുമായി ഒരു ബന്ധവുമില്ലാത്ത രീതിയിലാണ് വർദ്ധിക്കുന്നതെന്ന്, ലോകത്തിനു മുമ്പിൽ അവതരിപ്പിച്ചിരുന്നല്ലോ; ഇപ്പോൾ ലോകം മുഴുവൻ ഭക്ഷ്യ വില വർദ്ധന അനുഭവപ്പെടുന്നുമുണ്ട്. ലോക ഭക്ഷ്യസംഘടനയുടെ നിരീക്ഷണ പ്രകാരം അടുത്ത രണ്ടു വർഷങ്ങളിൽ പൊതുവെ ഭക്ഷ്യക്ഷാമം ലോകത്തിന്റെ പല ഭാഗങ്ങളിലും അനുഭവപ്പെടുമെന്നാണ്.

ഈ സാഹചര്യത്തിൽ അനിയന്ത്രിതമായ ജനപ്പെരുപ്പം ഒരു രാജ്യത്തിനും അനുവദിക്കാൻ സാധിക്കില്ല, വിശേഷിച്ചും ജനസംഖ്യയിൽ രണ്ടാം സ്ഥാനമുള്ള ഇന്ത്യക്ക്. പക്ഷേ നമ്മുടെ സർക്കാരുകൾ പൊതുവേ ഈ കാര്യത്തെ അത്ര ഗൗരവമായി കണക്കാക്കുന്നില്ല. ഈ കാര്യത്തിൽ കുറെ മത-ജാതി-വംശീയ പ്രശ്നങ്ങൾ ഉള്ളതുകൊണ്ട് രാഷ്ട്രീയ പാർട്ടികൾ ശക്തമായ തീരുമാനം എടുക്കാൻ മടിക്കുന്നു. അതുകൊണ്ടു തന്നെ ജനക്ഷേമത്തിൽ താല്നര്യമില്ലാത്ത അതെ സമയം മത കാര്യങ്ങളിൽ മാത്രം നിഷ്കർഷമുള്ള മത നേതാക്കൾ അവരുടെ നിക്ഷിപ്ത താല്പര്യത്തിനനുസരിച്ച് ജനസംഖ്യാ വർദ്ധനവിനെ വ്യാഖ്യാനിക്കുന്നു. അതിന്റെ ഫലമായി ചില പ്രദേശങ്ങളിൽ നിയോജക മണ്ഡലങ്ങൾ തന്നെ കൂടുന്നു. ഈ മതത്തിന്റെ വക്താക്കൾ ജനസംഖ്യാ വർദ്ധനവിനെ ബുദ്ധിപൂർവ്വം നേരിട്ട് അനുകൂലിക്കാറില്ല; എന്നാൽ മതത്തിന്റെ ആചാരങ്ങളെ കൂട്ടു പിടിച്ച് ഒരു ദൈവീക പരിവേഷം നല്കിയാണ് കാര്യങ്ങൾ അവതരിപ്പിക്കുന്നത്. ഇതൊക്കെ വോട്ടിനെ ബാധിക്കുന്ന കാര്യങ്ങളായതുകൊണ്ട് രാഷ്ട്രീയക്കാർ ഈ കാര്യങ്ങളിൽ, മറ്റു പല കാര്യങ്ങളിലുമെന്ന പോലെ, ഒളിച്ചുകളിയാണ് നടത്തുന്നത്. അങ്ങനെ മത-സമുദായ നേതാക്കന്മാരാണ് സ്ഥാനാർത്ഥികളെയും മന്ത്രിമാരെയും വരെ തീരുമാനിക്കുന്നത്. അതിന് ജനസംഖ്യാ വർദ്ധന അവർക്കൊരാവശ്യമാണ്. അതുകൊണ്ടു തന്നെ ജനസംഖ്യാ നിയന്ത്രണത്തിൽ അവർക്കൊരു താല്പര്യവുമുണ്ടാകില്ല. മതേതരത്വമെന്നൊക്കെ സൗകര്യപൂർവ്വം ആവശ്യമുള്ള സ്ഥലങ്ങളിൽ പറയുമെന്നല്ലാതെ അതിലൊരു വിശ്വാസവും അവർക്കില്ല.

ഈ നേതാക്കൾ അവരുടെ സമുദായത്തിലെ കുട്ടികളുടെ സർവ്വതോമുഖമായ വളർച്ചയിൽ ഒരു താല്പര്യവും കാണിക്കാറില്ല. കുറെ മതപരമായ ചരിത്രവും ആചാരങ്ങളും മാത്രമാണ് അവരെ പഠിപ്പിക്കുന്നത്. ബാക്കി എല്ലാം ഗവണ്മെന്റിന്റെ ഉത്തരവാദിത്വമാണ്. അതെസമയം കുട്ടികളുടെ എണ്ണം നിശ്ചയിക്കുന്നതിൽ ഗവണ്മെന്റിന്റെ ഒരു ⇨

# Egg whites . . . Healing Miracle for burns

A young man sprinkling his lawn and bushes with pesticides wanted to check the contents of the barrel to see how much pesticide remained in it. He raised the cover and lit his lighter; the vapors inflamed and engulfed him. He jumped from his truck, screaming. His neighbor came out of her house with a dozen eggs, yelling: "bring me some eggs!" She broke them, separating the whites from the yolks. The neighbor woman helped her to apply the whites on the young man's face. When the ambulance arrived and when the EMTs saw the young man, they asked who had done this. Everyone pointed to the lady in charge. They congratulated her and said: "You have saved his face." By the end of the summer, the young man brought the lady a bouquet of roses to thank her. His face was like a baby's skin.

Keep in mind this treatment of burns which is included in teaching beginner fireman this method. First aid consists to spraying cold water on the affected area until the heat is reduced and stops burning the layers of skin. Then, spread egg whites on the affected are.

One woman burned a large part of her hand with boiling water. In spite of the pain, she ran cold faucet water on her hand, separated 2 egg white from the yolks, beat them slightly and dipped her hand in the solution. The whites then dried and formed a protective layer.

She later learned that the egg white is a natural collagen and continued during at least one hour to apply layer upon layer of beaten egg white. By afternoon she no longer felt any pain and the next day there was hardly a trace of the burn. 10 days later, no trace was left at all and her skin had regained its normal color. The burned area was totally regenerated thanks to the collagen in the egg whites, a placenta full of vitamins.

This information could be helpful to everyone..

*Contributed by Er. A.G.Hareendralal*

---

അധികാരവും ഇവർ അംഗീകരിക്കുന്നുമില്ല, ഇതൊരു വിരോധാഭാസമല്ലെ.

ഇതിനൊരു അറുതി വരുത്തണമെന്നാണ് ഒരു കമ്മിറ്റി ഗവണ്മെന്റിനെ ഉപദേശിച്ചിരിക്കുന്നത്; ഒരു ദമ്പതികൾക്ക് രണ്ടു കുട്ടികൾ. രാജ്യത്തിന്റെ ക്ഷേമത്തിൽ താല്പര്യമുള്ള ആരും അതിനെ എതിർക്കേണ്ടതില്ല; പോറ്റേണ്ടവന് എണ്ണം നിശ്ചയിക്കാനും അവകാശമുണ്ട്, അതൊരു സാമാന്യ നിയമം.

സ്ത്രീ സംഘടനകളുടെ എതിർപ്പ് കാര്യങ്ങൾ ശരിക്കും മനസ്സിലാക്കാത്തതു കൊണ്ടാണ്. അത് ശരിക്കും സഹായിക്കുന്നത് നേരത്തെ പറഞ്ഞ മതനേതാക്കളെയാണ്. യാഥാർത്ഥ്യങ്ങളെ യാഥാർത്ഥ്യങ്ങളായി അംഗീകരിക്കാൻ എല്ലാപേരും തയ്യാറാകുക. എന്നാലെ ലഭ്യമായ വിഭവങ്ങൾ വച്ച് പുതു തലമുറയെ നാട്ടിന് ഉപകാരപ്രദമായ രീതിയിൽ വളർത്തി കൊണ്ടുവരാൻ സാധിക്കൂ. രാഷ്ട്രീയക്കാർ ഇനിയെങ്കിലും മത-ജാതി നേതാക്കന്മാരുടെ നീരാളി പിടിത്തത്തിൽ നിന്നും രക്ഷപെടണം; എല്ലാപേരും കൂടി ശ്രമിച്ചാൽ ഇത് വളരെ പെട്ടെന്ന് നടപ്പിലാക്കാം. അതോടു കൂടി രാഷ്ട്രീയ പാർട്ടികൾക്ക് പല പ്രശ്നങ്ങളിൽ നിന്നും രക്ഷപ്പെടുകയും ചെയ്യാം.

ഇതിനോടനുബന്ധിച്ച് പൊതുമണ്ഡലം നമ്മുടെ രാഷ്ട്രീയക്കാരുടെ ഇരട്ടത്താപ്പു നയങ്ങളെ ശരിക്കും ചോദ്യം ചെയ്യണം. ഈ ഇരട്ടത്താപ്പിന്റെ വ്യക്തമായ തെളിവാണ് വനിതാസംവരണം; വാക്കാൽ ഏതാണ്ട് എല്ലാപേരും അനുകൂലമാണ്; പക്ഷേ കാര്യം നടക്കില്ല, സ്വന്തം പാർട്ടിയിൽ പോലും ചെയ്യില്ല. ഏതാണ്ട് അതുപോലെയാണ് മതത്തിന്റെ രാഷ്ട്രീയത്തിലുള്ള ഇടപെടലും. അതൊക്കെ ഇനിയെങ്കിലും മാറ്റാൻ രാഷ്ട്രീയ പാർട്ടികളെ ജനങ്ങൾ നിർബന്ധിതരാക്കണം. ✵

# മഞ്ഞ ഇലകൾ

Er.U.S.Ravindran, EE (Retd)

2007 മേയ് മാസത്തിലെ ഒരു ദിവസം. രണ്ടാമത്തെ മകളുടെ വിവാഹവും കഴിഞ്ഞ തിനാൽ ജീവിതത്തിലെ എല്ലാ പ്രധാന ചുമതലകളും തീർത്ത ആവേശത്തി ലായി രുന്നു ഞാൻ. മകളുടെ മാര്യേജ് സർട്ടിഫിക്ക റ്റിനുവേണ്ടി കോർപ്പറേഷൻ ഓഫീസിൽ അപേക്ഷിച്ചിരുന്നു. അതിന് അറ്റസ്റ്റ് ചെയ്ത കുറച്ചു രേഖകൾ വേണമായിരുന്നു. മൂന്ന് ദശാബ്ദക്കാലം ജോലി ചെയ്തതും അന്നദാ താവും ആയ ഒരു സ്ഥാപനമുള്ളപ്പോൾ അറ്റസ്റ്റു ചെയ്യാൻ വേറേ എങ്ങും പോകണ്ടല്ലോ എന്നു കരുതിയാണ് ഏറ്റവും അടുത്ത സെക്ഷനാഫീസിൽ പോയത്. അസിസ്റ്റന്റ് എഞ്ചിനിയറുടെയും അസിസ്റ്റന്റ് എക്സി ക്യൂട്ടീവ് എഞ്ചിനിയറുടെയും വാതിൽ അടഞ്ഞു കിടക്കുകയായിരുന്നു. എസ്റ്റാബ്ളിഷ് മെന്റിൽ ആരോ തമ്മിൽ തമ്മിൽ പറയുന്നതു കേട്ടു രണ്ടുപേരും കോൺഫറൻസിന് പോയിരിക്കുകയാണെന്ന്. സീനിയർ സൂപ്രണ്ടിനെ സമീപിച്ചു ''ഒന്ന് അറ്റസ്റ്റ് ചെയ്തു തരണ മായിരുന്നു." ഗൗരവമായി എഴുതിക്കൊണ്ടിരുന്ന മാഡത്തിന്റെ ജോലി ശല്യപ്പെടുത്തിയതുകൊണ്ടാവാം ഫയലിൽ നിന്ന് കണ്ണെടുക്കാതെ പറഞ്ഞു "ഇപ്പോൾ സമയമില്ല. ഇന്നത്തെ കോൺഫറൻസിന് കുറച്ചു ഡാറ്റകൾ കളക്റ്റ് ചെയ്യേണ്ടതുണ്ട്." ശബ്ദത്തിന്റെ വിശേഷഭാവം കേട്ടിട്ട് ഒന്നു കൂടി ചോദിക്കാൻ തോന്നിയില്ല. പുറത്തേക്ക് കടക്കുമ്പോഴാണ് പിന്നിൽ നിന്ന് ഒരു വിളി കേട്ടത് "സാറെ ഒന്നു നിൽക്കണം."

ഞാൻ തിരിഞ്ഞു നിന്നു.

"സാറ് എക്സിക്യൂട്ടീവ് എഞ്ചിനിയറായി രുന്നില്ലേ".

എനിക്ക് പരിചയമില്ലാത്ത ആളാണ് വിളിച്ചത്. ചോദ്യത്തിന് മറുപടി പറഞ്ഞു.

അതേ

''ഇപ്പോൾ റിട്ടയർ ചെയ്തു അല്ലേ'' രണ്ടാമത്തെ ചോദ്യം

" ഉവ്വ് "

''സാറു വരണം, ഇരിക്കണം'' കംപ്ലെയിന്റ് രജിസ്റ്റർ വച്ചിട്ടുള്ള മേശക്കരി കിലെ ഒരു സ്റ്റൂൾ ചൂണ്ടിക്കാണിച്ചിട്ട് കക്ഷി പറഞ്ഞു.

സ്റ്റാഫ് ആയിരിക്കാം. ഞാൻ വിചാരിച്ചു. എതിരെയുള്ള കസേരയിൽ ഇരുന്നുകൊണ്ട് കക്ഷി ചോദിച്ചു "സാറെന്താ ഇവിടെ ?"

''കുറച്ചു സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റ് ചെയ്യണമായിരുന്നു" ഞാൻ പറഞ്ഞു.

"ഇപ്പോൾ സാറിന് അറ്റസ്റ്റ് ചെയ്യാനുള്ള പവ്വർ ഇല്ല അല്ലേ? റിട്ടയർ ചെയ്യുമ്പോൾ എല്ലാ പവ്വറും പോകും സാറെ, സാറെന്താ വല്ലാതെ ക്ഷീണിച്ചു പോയല്ലോ'' ആതിഥേയന്റെ സങ്കടം.

"കൊളസ്ട്രോൾ കൂടുതലായതുകൊണ്ട് ഭക്ഷണം കുറച്ചു. തൈറോയ്ഡ് പ്രശ്നങ്ങളു മുണ്ട്. മരുന്ന് കഴിക്കുന്നുണ്ട്" ഞാൻ പറഞ്ഞു.

"അല്ലെങ്കിലും സാറെ, സാറിനെപ്പോ ലുള്ളവർ വേഗം ക്ഷീണിക്കും"

ആതിഥേയന്റെ ഉദ്ദേശ്യം മനസ്സിലാകാതെ ഞാൻ ചോദിച്ചു നിങ്ങൾ ആരാണ്? എനിക്കു മനസ്സിലായില്ലല്ലോ. ഇവിടുത്തെ സ്റ്റാഫ് ആണോ?

"ഞാൻ ലൈൻമാൻ നാരായണൻ. സാറ് പണ്ട് ട്രാൻസ്ഫർ ചെയ്യിച്ച നാരായണൻ തന്നെ ആതിഥേയൻ പേരു വെളിപ്പെടുത്തി."

"ഞാൻ നിങ്ങളെ ഇതിന് മുമ്പ് കണ്ടിട്ടില്ല. നിങ്ങൾ ഒരിക്കലും എന്റെ സബോർഡിനേറ്റാ യിരുന്നില്ല. എന്റെ സബോർഡിനേറ്റ്സിനെ ഒരിക്കലും ട്രാൻസ്ഫർ ചെയ്യുകയോ ട്രാൻസ്ഫർ ചെയ്യുവാൻ ശുപാർശ ചെയ്യുകയോ ചെയ്തിട്ടില്ല. നിങ്ങൾ പറയുന്നത് എനിക്ക് മനസ്സിലാകുന്നില്ല. നിങ്ങൾക്ക് ആള് മാറി പോയി എന്ന് തോന്നുന്നു. ഞാൻ പറഞ്ഞു."

"സാറൊന്ന് ഓർത്തു നോക്കണം സാറ് പണ്ട് AExe. രമേശൻ സാറിന് ഫോൺ ചെയ്ത്

എനിക്ക് മെമ്മോ തരീച്ചതും, ട്രാൻസ്ഫർ ചെയ്യിച്ചതും ഓർമ്മയില്ലേ നാരായണൻ വിടാൻ ഭാവമില്ല."

"എന്റെ സർവ്വീസിൽ ആർക്കും മെമ്മോ കൊടുത്തിട്ടില്ല, മെമ്മോ കൊടുക്കാനും ട്രാൻസ്ഫർ ചെയ്യാനും ആർക്കും ഫോൺ ചെയ്തിട്ടുമില്ല. നാരായണൻ തെറ്റിദ്ധരിച്ചിരിക്കയാണ് ഞാൻ പറഞ്ഞു."

"മറ്റുള്ളവരെ ഉപദ്രവിച്ച കാര്യം ആരും ഓർത്തു വക്കുകയില്ല സാറെ. ഉപദ്രവിക്കപ്പെട്ടവർ എന്നും ഓർക്കുകയും ചെയ്യും. സാറ്....ൽ AExe ആയിരുന്നപ്പോൾ വീട്ടിൽ സപ്ളെ കിട്ടാത്തതിന് AExe.രമേശൻ സാറിന് നേരിട്ട് ഫോൺ ചെയ്തയാളല്ലെ, ഒന്നു സെക്ഷനാ ഫീസിൽ പറഞ്ഞാൽ മതിയായിരുന്നല്ലോ. AExe ഫോൺ ചെയ്തതു കൊണ്ടല്ലേ എനിക്ക് മെമ്മോയും ട്രാൻസ്ഫറും കിട്ടിയത്. ഇപ്പോൾ ഞാൻ ഇങ്ങോട്ടു തന്നെ വന്നു സാറെ! നാരായണൻ ആവേശഭരിതനായി തുടർന്നു."

**ഒരു ഫ്ളാഷ്ബാക്ക്**

2000-ാമാണ്ട് ഏപ്രിലിൽ ഒരു ദിവസം. സമയം കാലത്ത് 7.30.ഫോൺ ഫെല്ലടിച്ചു. AExe സാറെ ഇന്ന് കോൺക്രീറ്റിങ്ങ് ഉണ്ട്. AE ലീവാണെന്ന് ഇപ്പോൾ വിളിച്ചു പറഞ്ഞു. 8.30ന് കോൺക്രീറ്റിങ്ങ് തുടങ്ങണം എന്നാൽ മാത്രമേ വൈകുന്നേരമാകുമ്പോഴേക്കും തീരുകയുള്ളു. സാറ് തീർച്ചയായും വരണം. സൈറ്റിൽ നിന്ന് കോൺട്രാക്ടറുടെ വിളിയാണ്.

ശരി ഞാൻ എത്തിയേക്കാം. കോൺക്രീറ്റിങ്ങ് മുടങ്ങരുത് അരൂർ മട്ടാഞ്ചേരി 110കെ.വി. ലൈനിനു വേണ്ടി അരൂർ കായലിൽ ടവറുകൾ സ്ഥാപിക്കുന്നതിനുള്ള പൈലിന്റെ കോൺക്രീറ്റിങ്ങ് ജോലിയാണ്. ചങ്ങാടത്തിലാണ് കോൺക്രീറ്റിങ്ങ് മിക്സർ സ്ഥാപിച്ചിരിക്കുന്നത്. വേലിയേറ്റമുള്ള സമയത്തു മാത്രമേ ലവൽ കൃത്യമായി കിട്ടുകയുള്ളു എന്നതിനാൽ വേലിയേറ്റ സമയ ത്തു മാത്രമേ കോൺക്രീറ്റു ചെയ്യുവാൻ പറ്റുക യുള്ളു. അപ്രതീക്ഷിതമായി AE ലീവെടുത്തു. ഉടനെ സൈറ്റിൽ പോകേണ്ടതുണ്ട്. ഫോണിൽ സംസാരിക്കുന്നതിനിടയിൽ സപ്ളെ പോയിരുന്നു. എന്തെങ്കിലും മെയിന്റനൻസ് ആയിരിക്കും. ഡ്രസ് ചെയ്യുന്നതിനിടയിൽ ആരോ ഗെയ്റ്റിൽ മുട്ടുന്ന ശബ്ദം കേട്ടു.

"സർ സർ"

"ആരാണ് എന്താണ് വേണ്ടത്" ഞാൻ ചോദിച്ചു.

"ഇപ്പോൾ ഇതു വഴി കടന്നുപോയ കണ്ടെയ്നർ ലോറി തട്ടി സാറിന്റെ വീട്ടിലേക്കുള്ള വയർ പൊട്ടി വീണു. വീട്ടിൽ കറന്റുണ്ടോ? റോഡിൽ പൊട്ടി വീണ വയർ ചുരുട്ടി ഗേയ്റ്റിനടുത്ത് മതിലിൽ വച്ചിട്ടുണ്ട്" പണിക്കു പോകുന്ന ഒരു തമിഴൻ ഇത്രയും പറഞ്ഞിട്ട് ഗേയ്റ്റിൽ നിന്ന് പോയി.

ജീപ്പിൽ സൈറ്റിലേക്ക് ഇറങ്ങുന്നതിനു മുൻപ് സെക്ഷനാഫീസിലേക്ക് ഫോൺ ചെയ്തു "Con No........Post No.....കറന്റില്ല. വയർ പൊട്ടി വീണതാണ്. ശരിയാക്കിയാൽ നന്നായിരുന്നു.

"ഇപ്പോൾ ഷിഫ്ട് ചെയ്ഞ്ചാണ്. കംപ്ലെയിന്റ് ബുക്കിൽ എഴുതിയിട്ടുണ്ട്. അടുത്ത ഷിഫ്ടിൽആളുവരുമ്പോൾ തന്നെ പറഞ്ഞയക്കാം." ഡ്യൂട്ടിയിലുണ്ടായിരുന്നയാൾ മറുപടി തന്നു.

സൈറ്റിൽ നിന്നും വീട്ടിലെത്തിയപ്പോൾ വൈകിട്ട് ഏഴര മണിയായിരുന്നു. കാലത്തു തമിഴൻ ചുരുട്ടിവച്ച സർവീസ് വയർ മതിലിൽ അങ്ങനെതന്നെ ഇരിക്കുന്നു. വീട്ടിൽ കറന്റില്ല.

"ആരും ശരിയാക്കാൻ വന്നില്ലേ ഞാൻ ഭാര്യയോടു ചോദിച്ചു."

"കാലത്ത് ഒമ്പത് മണിക്ക് രണ്ടു പേർ വന്ന് നോക്കിയിട്ടു പോയി." ഇവിടെയാണോ കറന്റ് ഇല്ലാത്തത് എന്നു ചോദിച്ചു. അതെയെന്ന് ഞാനും പറഞ്ഞു. ജോലി തീരുമ്പോൾ ചേട്ടൻ തന്നേല്പിച്ചിരുന്ന രൂപ കൊടുക്കാമെന്ന് വിചാരിച്ചു. കുറച്ചുനേരം ചുറ്റിപ്പറ്റി നിന്ന് അവർ പോയി, എന്തെങ്കിലും സാധനങ്ങൾ എടുക്കാൻ പോയതാണെന്ന് വിചാരിച്ചു. പിന്നെ അവർ വന്നില്ല" ഭാര്യ പറഞ്ഞു.

ഞാൻ സെക്ഷനാഫീസിലേക്ക് ഫോൺ വിളിച്ചു Con. No...... Post No..... കറന്റില്ല. കാലത്ത് രണ്ടു പേർ വന്ന് നോക്കി പോയിരുന്നു. ഇതുവരെ ശരിയാക്കി കിട്ടിയില്ല.

⇨

ഇപ്പോൾ രാത്രിയായില്ലേ, പോസ്റ്റിൽ കയറാൻ പറ്റില്ല നാളെ കാലത്ത് ശരിയാക്കാം സെക്ഷനാഫീസിൽ നിന്നും മറുപടി കിട്ടി.

എമർജൻസി ലൈറ്റുകൊണ്ടും മെഴുകുതിരി കൊണ്ടും വെളിച്ചം മാനേജ് ചെയ്യാം. വെള്ളം പമ്പു ചെയ്യാനും കൊതുകിനെ അകറ്റാനും നിർവാഹമില്ല.

"അച്ഛൻ ബോർഡിലായിട്ടും എലക്ട്രിസിറ്റി ഓഫീസ് ഇത്ര അടുത്തായിട്ടും കറന്റില്ലാത്തത് ഷെയിം ഷെയിം" കോളേജു വിട്ടു വന്ന മകളുടെ കമന്റ്.

പിറ്റേദിവസം കാലത്ത് സെക്ഷനാഫീസിലേക്ക് ഒന്നു കൂടി ഫോൺ ചെയ്തു, Con No......Post No..... കറന്റില്ല; ഒരു ബോർഡ് സ്റ്റാഫാണ്.

''ഉടനെ ആളെ വിടാം, ഇന്നലത്തെ കെയ്സ് അല്ലേ? അത് അറ്റന്റ് ചെയ്തശേഷമേ വേറെ കംപ്ളെന്റ് അറ്റന്റ് ചെയ്യുകയുള്ളൂ."

ഇത്രയും ഉറപ്പു കിട്ടിയ നിലക്ക് വേറെ ഒന്നും ചെയ്യേണ്ടതില്ല എന്നു വിചാരിച്ചു. എട്ടരക്ക് സൈറ്റിലേക്ക് പോയി. വൈകിട്ട് നാലു മണിക്ക് ഓഫീസിൽ എത്തിയപ്പോൾ വീട്ടിൽ നിന്നും ഫോൺ കാൾ വന്നു. വെള്ളം തീർന്നു. കറന്റ് ഇനിയും വന്നിട്ടില്ല. ചുരുട്ടി വെച്ച വയർ മതിലിൽ തന്നെ ഇരിക്കുകയാണത്രെ. ഓഫീസിൽ നിന്നും ഡിസ്ട്രിബ്യൂഷനിലെ AExe.രമേശിനെ വിളിച്ചു, ''ഹലോ രമേശ്........ഞാൻ മാസ്റ്റർപ്ലാൻ ട്രാൻസ്മിഷനിലെ AExe. ഇന്നലെ കാലത്ത് ഏഴരക്ക് കറന്റ് പോയതാണ്, മൂന്നു തവണ സെക്ഷനിൽ വിളിച്ചു പറഞ്ഞിരുന്നു. ഇന്നലെ അവിടെ നിന്നും രണ്ടു പേർ നോക്കി പോയിരുന്നു. സെക്ഷനാഫീസിൽ നിന്ന് കഷ്ടിച്ച് 300 മീറ്റർ ദൂരമേയുള്ളൂ വീട്ടിലേക്ക്, റോഡ് സൈഡിൽ തന്നെയാണ് വീട്. രാത്രി പോസ്റ്റിൽ കയറാൻ കഴിയാഞ്ഞതിനാലാണ് ഇന്നലെ ശരിയാക്കാഞ്ഞത്. ഇന്നും രാത്രിയുണ്ടാകുമല്ലോ. അതുകൊണ്ടാണ് രമേശിനെ ബുദ്ധി മുട്ടിക്കുന്നത്. ഇന്നെങ്കിലും ഒന്ന് ശരിയാക്കാൻ പറഞ്ഞാൽ കൊള്ളാ മായിരുന്നു."

"വേണ്ടത് ചെയ്തേക്കാം സാറെ" രമേശ് മറുപടി പറഞ്ഞു. അഞ്ച് മണിയായപ്പോഴേക്കും കറന്റ് വന്നെന്ന് വീട്ടിൽ നിന്നും വിളിച്ചു പറഞ്ഞു.

**(ഫ്ളാഷ്ബാക്ക് തീർന്നു)**

നാരായണൻ തുടർന്നു. ''ഇപ്പോൾ സാറിന് ഞങ്ങളോടൊക്കെ സംസാരിക്കാം അല്ലേ, അന്നൊക്കെ ഹയർ ലവലിലുള്ള ആൾക്കാരോടു മാത്രമേ സംസാരിക്കുമായിരുന്നുള്ളൂ. സാറിന്റെ തലക്ക് വലിയ ഘനമായിരുന്നു.'' ഇത്രയും പറഞ്ഞ് നാരായണൻ നിറുത്തി.

"നാരായണന്റെ മനസ്സിൽ എന്താണെന്ന് എനിക്കറിയില്ല. വീട്ടിൽ കറന്റില്ലെങ്കിൽ സെക്ഷനാ ഫീസിൽ വിളിച്ചു പറയും, അത് എല്ലാവരും ചെയ്യുന്നതാണ്. എന്റെ അതുവരെയും ഉള്ള സർവീസ് പ്രോജക്റ്റുകളിലായിരുന്നു. ഒരു റിട്ടയർമെന്റ് ആനുകൂല്യമായിട്ടാണ് വീടിനടു ത്തേക്ക് ട്രാൻസ്ഫർ കിട്ടിയത്. ഡിസ്ട്രിബ്യൂഷനിൽ ജോലി ചെയ്യുന്ന AE മാരേയോ AExe മാരേയോ എനിക്ക് പരിചയമില്ല. രമേശിനെ മീറ്റിങ്ങിൽ വച്ചു കണ്ടിട്ടുള്ള പരിചയം ഉണ്ടായിരുന്നു. അതുകൊണ്ടാണ് രമേശിനോട് പറഞ്ഞത്. അതിൽ തലക്കനത്തിന്റെ പ്രശ്നം ഉണ്ടെന്ന് തോന്നുന്നില്ല" ഞാൻ സത്യ സ്ഥിതി പറഞ്ഞു.

"സപ്ളെ പോയന്ന് ഞങ്ങൾ സാറിന്റെ വീട്ടിൽ വന്ന് ഇവിടെയാണോ കറന്റ് ഇല്ലാത്തത് എന്ന് ചോദിച്ചപ്പോൾ അതെ എന്ന് പറഞ്ഞ് മൈൻഡു ചെയ്യാതെ സാറിന്റെ ഭാര്യ അകത്തേക്ക് കയറിപ്പായി. ബോർഡിലെ ആഫീസർമാരുടെ ഭാര്യമാർക്ക് ഒരു ഭാവമുണ്ട് ഞങ്ങളുടെ ആൾക്കാർ ആഫീസർമാരാണ് ഞങ്ങൾക്ക് കറന്റ് കിട്ടിക്കോളണമെന്ന്-'' നാരായണന്റെ വിലയിരുത്തൽ.

പോകാൻ തിരക്കുണ്ടെങ്കിലും നാരായണന്റെ തെറ്റിദ്ധാരണകൾ മാറ്റണമെന്ന് വിചാരിച്ച് ഞാൻ പറഞ്ഞു ''നിങ്ങളുടെ ചോദ്യത്തിന് അതെ എന്ന് വ്യക്തമായി ഉത്തരം പറഞ്ഞിട്ടു തന്നെയാണ് ഭാര്യ അകത്തേക്ക് പോയത് എന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. മുഷിഞ്ഞ വേഷ മായതുകൊണ്ട് റോഡ് സൈഡിലേക്ക് വന്നില്ല. സപ്ളെ ശരിയാക്കുന്നതിനുള്ള മാമൂലുകളും കൊടുത്തേൽപ്പിച്ചിരുന്നു." ⇨

''സാറെ എനിക്കു പകരം വന്ന ലൈൻമാൻ രാമന്റെ മരണത്തിന് സാറും രമേശൻസാറും ഉത്തരവാദികളാണ്. അതിന്റെ പാപം നിങ്ങൾക്കു കിട്ടും'' നാരായണൻ വികാരഭരിതനായി പറഞ്ഞു.

''എങ്ങിനെയാണ് ഞാൻ ഉത്തരവാദി യാകുന്നത് ഞാൻ ചോദിച്ചു."

"അതോ എനിക്കു പകരം വന്ന രാമൻ ലൈനിൽ പണിയുമ്പോൾ ഷോക്കേറ്റു മരിച്ചു. അവൻ ഇവിടെ വന്നതു കൊണ്ടാണ് മരിച്ചത്. പഴയ സെക്ഷനിലായിരുന്നെങ്കിൽ മരിക്കി ല്ലായിരുന്നു." നാരായണന്റെ എനിക്കെതിരെ യുള്ള പുതിയ ചാർജ്ഷീറ്റ്.

''സുഹൃത്തേ രാമൻലൈൻമാൻ ഷോക്കടിച്ചു മരിച്ചതിൽ ഞാൻ ഖേദിക്കുന്നു. നിങ്ങൾക്കു പകരം രാമൻ ഇവിടെ വന്നതു കൊണ്ടാണ് ഷോക്കടിച്ച് മരിച്ചതെന്നും അതിന്റെ ഉത്തരവാദിത്വം എനിക്കും ഉണ്ടെന്നു പറഞ്ഞാൽ എനിക്ക് ഒന്നും പറയാനില്ല. സംഭാഷണം തുടർന്നു കൊണ്ടു പോകുന്ന തിൽ താല്പര്യ മില്ലെങ്കിലും ഞാൻ പറഞ്ഞു എട്ട് വർഷത്തോളം ജനറേറ്റിങ്ങ് സ്റ്റേഷനിലും എട്ട് വർഷത്തോളം ട്രാൻസ്മിഷ നിലും ഞാൻ ജോലി ചെയ്തിട്ടുണ്ട്. ദൈവാനുഗ്രഹത്താൽ എന്റെ കീഴിൽ ജോലി ചെയ്ത ആർക്കും ഒരപകടവും ഉണ്ടായിട്ടില്ല. ഈ വർഷങ്ങളിൽ പലരും KSEB യിൽ ഷോക്കടിച്ച് മരിച്ചിട്ടുണ്ട്. അവരുടെ കുടുംബങ്ങളോട് സഹതാപമുണ്ട്. അവരുടെ ഷോക്കടിയേറ്റുള്ള മരണത്തിനു കാരണം ഞാൻ ഇണക്കിയ ജനറേറ്ററുകളും ലൈനുകളും ആണെന്ന് നാരായണൻ പറഞ്ഞാൽ ഞാൻ എന്തു പറയാനാണ്."

''എന്നാലും സാറു ചെയ്തത് ശരിയായില്ല, ബോർഡ് സ്റ്റാഫാണെന്നൊരു വാക്ക് പറഞ്ഞി രുന്നെങ്കിൽ....."നാരായണൻ ഒന്നു അയഞ്ഞു.

''സാധാരണ ഒരു കൺസ്യൂമറിനു കിട്ടുന്ന ആനുകൂല്യം കിട്ടിയാൽ മതിയെന്ന് കരുതിയാണ് ആദ്യം ബോർഡ് സ്റ്റാഫാണെന്ന് പറയാതിരുന്നത്. നിങ്ങൾ വന്നുനോക്കിയപ്പോൾ മനസ്സിലായിക്കാണു മല്ലോ. ബോർഡ് സ്റ്റാഫാണെന്ന്. വീട്ടു പടിക്കൽ പേരും അഡ്രസും എഴുതിയിട്ടു ണ്ടല്ലോ പിന്നെ എന്തിനാ നാരായണാ വെറുതെ സംസാരിക്കുന്നത്.'' ഞാൻ സംസാരം അവസാനിപ്പിച്ച് എണീറ്റു.

ഏതായാലും ഒരു ദിവസം ഇരുട്ടിൽ ഇരുന്നില്ലേ സംതൃപ്തിയോടെ ചിരിച്ചു കൊണ്ട് നാരായണനും തലയാട്ടിക്കൊണ്ട് എണീറ്റിട്ടു പറഞ്ഞു.

''ഏതായാലും നാരായണാ നിങ്ങൾ ഉള്ളത് തുറന്ന് പറഞ്ഞത് നന്നായി. നിങ്ങൾ നടത്തിയ ശിക്ഷക്ക് ഒരു പരസ്യ വിചാരണ ചെയ്ത സുഖം കൂടി കിട്ടിയില്ലേ. നിങ്ങളെ ട്രാൻസ്ഫർ ചെയ്യാൻ പറയാൻ എനിക്കെന്ത ധികാരമുണ്ട്? ഞാൻ അങ്ങിനെ പറഞ്ഞാൽ നിങ്ങളുടെ മേലധികാരികൾ വഴങ്ങണ മെന്നുണ്ടോ? നിങ്ങളുടെ സ്വന്തം കയ്യിലിരു പ്പിന്റെ ആകെത്തുക കൊണ്ട് എന്തെങ്കിലും കിട്ടിയിട്ടുണ്ടെങ്കിൽ ഞാൻ എന്തുചെയ്യാനാണ് നാരായണാ. ഞാൻ പോകട്ടെ.'' ഞാൻ സെക്ഷനാഫീസ് വിട്ടിറങ്ങി.

''അല്ല സാറെ അറ്റസ്റ്റ് ചെയ്യാൻ എങ്ങനെയാ? ദാ, ഇവിടെ ഒരു മൃഗാശുപത്രി യുണ്ട്. സാറിന് പറ്റിയ സ്ഥലമാണ്. ഡോക്ടർ ഗസറ്റഡ് ആണ്. അവിടെ അറ്റസ്റ്റു ചെയ്തു തരും'' ഇടത്തോട്ട് ചൂണ്ടി നാരായണൻ പറഞ്ഞു.

"ശരി വളരെ നന്ദി" ഞാൻ നടന്നു നീങ്ങി. നാരായണനെ ആരും ഇരുട്ടിൽ ഇരുത്തരുതേ എന്ന് വിചാരിച്ചു കൊണ്ട് യാത്ര പറയുമ്പോൾ എന്നെ ഒരു ദിവസം ഇരുട്ടിൽ ഇരുത്തിയതിന്റേയും പരസ്യ വിചാരണ ചെയ്തതിന്റെയും സംതൃപ്തി നാരായണന്റെ മുഖത്ത് കാണാമായിരുന്നു. വെറ്ററിനറി ഹോസ്പിറ്റലിൽ നിന്നും സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റ് ചെയ്യിച്ച് സെക്ഷൻ ഓഫീസിന് മുമ്പിലൂടെ നടന്നു പോകുമ്പോൾ ഓഫീസു മുറ്റത്തെ മാവിൽ നിന്നും വീണ് കിടന്നിരുന്ന മഞ്ഞമാവിലകൾ തൂപ്പുകാരൻ അടിച്ചു വാരുന്നുണ്ടായിരുന്നു. കാറ്റിൽ പച്ച ഇലകൾ ആടിക്കൊണ്ടിരുന്നു.

✵

# What Are Hard and Soft Skills?

by Marjorie Dorfman

We all have both hard and soft skills within us, which are a part of our personality and emotional make-up. The question is: how can we use them when we are looking for a job? How can we make them more marketable, or can we? First, we should define what they are.

Hard skills are specific and can be easily taught, such as being able to read or type a letter. They represent the minimum skills necessary to do a job and are the first screen employers use to weed out applicants who are obviously not qualified for the position at hand. Soft skills are more elusive and intangible. An example might be a bedside manner, a pleasant voice or a cooperative spirit. Leadership, creativity and the ability to teach and learn are all considered soft skills and they are really the meat of what an employer is looking for in a job applicant.

To prepare for an interview, a job seeker must realize the importance of presenting his or her soft skills to a potential employer. This requires a little homework as it will be necessary for the individual to first evaluate which soft skills would be most beneficial for the job in question. Go beyond the job description. Employers like to see that because such action implies you will go beyond that which is required of you, the extra mile, so to speak.

Basically, hard skills may land an interview but soft skills will land the job. Think about your resume. Does it include any of your soft skills? If it doesn't, re-write it if there's time. If there isn't time, think about how can you fill in the gaps during an interview without coming across as a braggart. One technique is to illustrate skills by using an anecdote or personal example. Assume for a moment the question asked is: "Tell me the last time you demonstrated leadership." Your answer could be: "Last year I filled in for someone who was absent and things ran smoothly." Think hard, but carry a soft stick, or something like that.

## OBITUARY



Er.K.Sukumaran, retired Assistant Engineer passed away on 10-6-2011 at his residence at Nileswaram. He was retired in 2004. He was an active and legal member of our association. He survived his wife and three daughters.

The association expresses its deep condolence to his bereaved family

## മനശാസ്ത്രം നിത്യജീവിതത്തിൽ

# എന്താണ് വ്യക്തിത്വം-Personality

ഡോ. സി. രാമചന്ദ്രൻ (മുൻ. ഡെപ്യൂട്ടി ചീഫ് എൻജിനിയർ)

**ഏ**തു വസ്തുവിനെക്കുറിച്ചും, വ്യക്തിയെക്കുറിച്ചും വസ്തുതയെക്കുറിച്ചും, വ്യക്തവും അവ്യക്തവുമായ ഒട്ടേറെ ചിത്രങ്ങൾ മനന പ്രക്രിയയിലൂടെ രൂപപ്പെടുത്തുന്ന ഒരു പ്രഹേളികയാണ് മനസ്സ് എന്ന പ്രതിഭാസം. അമ്മയുടെ ഉദരത്തിൽ, ഏഴാം മാസം മുതൽ സംഭരിച്ചു ശേഖരിയ്ക്കുന്ന, അവ്യക്ത വിവരങ്ങൾ അടങ്ങിയ മസ്തിഷ്ക്കത്തോടെ അവൻ ജനിച്ചു വീഴുന്ന. ചറ്റുപാടു കണ്ടും കേട്ടും കൊണ്ടും ഉള്ള സ്വാനുഭവങ്ങളിൽക്കൂടി അവൻ ശരി തെറ്റുകളുടെ സങ്കൽപ്പങ്ങൾ രുപപ്പെടുത്തുന്നു. അവ ഒരുക്കുന്ന പശ്ചാത്തലത്തിൽക്കൂടിയാണ് അവൻ ഓർമ്മ വച്ച നാൾ മുതൽ (ബോധ മനസ്സിന്റെ വ്യക്തത മുതൽ എന്നു പറയാം) ഓരോന്നിനെയും കാണുന്നതും വിലയിരുത്തുന്നതും ഉൾക്കൊള്ളുന്നതും. ഇത്തരത്തിൽ നേരിട്ടു കാണുന്നതും കേൾക്കുന്നതും (പ്രത്യക്ഷം), മറ്റുള്ളവരിൽ നിന്നും ഗ്രഹിയ്ക്കുന്നതും (പരോക്ഷം) ഉൾക്കൊണ്ട് സ്വന്തം മനന ശക്തിയ്ക്കാനുപാതികമായ നിഗമനങ്ങളിൽ എത്തിച്ചേരും. ഇവിടെ ശരി-തെറ്റ് എന്ന സങ്കൽപ്പങ്ങൾ നിരർത്ഥകമാണല്ലോ, കാരണം അവ ഓരോരുത്തരിൽ വ്യക്തിപരമായി വ്യത്യസ്തമായിരിക്കുമല്ലോ.

ഇങ്ങനെ നമുക്ക് കണ്ടറിവും കേട്ടുകേഴ്വിയുമുള്ള ഓരോരുത്തരെക്കുറിച്ചു നാം ഒരോ ചിത്രങ്ങൾ മനോഭിത്തികളിൽ നാം പോലും അറിയാതെ കോറിയിട്ടിട്ടുണ്ട്. " Mr. X" എന്ന ആളിനെക്കുറിച്ച് ഓർക്കുമ്പോൾ ഇത്തര ത്തിൽ ഒരു ചിത്രം നമ്മുടെ മനോമുകുരത്തിൽ എത്തുന്നു, നാം കാണുന്ന (Visualises)ഈ ചിത്രമാണ് "Mr. X” എന്ന ആളിന്റെ സമഗ്ര വ്യക്തിത്വം, നമ്മെ സംബന്ധിച്ച്- ഈ ചിത്രം, ആ വ്യക്തിയുടെ, നമ്മെ ഏറ്റവും കൂടുതൽ സ്വാധീനിച്ച ശീലവിശേഷങ്ങളും ഭാവതലങ്ങളും അടങ്ങിയതു തന്നെയായിരിയ്ക്കും. ഓരോരുത്തർക്കും മറ്റുള്ളവരിൽ ഏറെ ശക്തമായി പതിപ്പിയ്ക്കാൻ കഴിയുന്നതോ, സ്വയം പതിയുന്നതോ ആയ ചില പ്രത്യേകതകൾ കാണാം. അവയെയാണ് Personality Trait എന്നു പറയുന്നത്. ഈ Trait കൾ ഉൾക്കൊള്ളുന്ന ചിത്രം തന്നെയാണ് നമ്മുടെ മനസ്സിൽ പതിയുന്നത്. (കാർട്ടൂണിസ്റ്റുകളും കലാകാരന്മാരും പ്രശസ്ത വ്യക്തികളെ അനുകരിയ്ക്കുന്നത് ഇത്തരം ട്രയിറ്റുകൾ-Traitsþ ഉൾക്കൊണ്ടു കൊണ്ടാണ്) ഉദാഹരണത്തിന് സിനിമയിലെ വില്ലൻ കഥാപാത്രങ്ങളെ അവതരിപ്പിയ്ക്കുന്ന ചിലരെ ഓർക്കുമ്പോൾ ത്തന്നെ അവരുടെ ക്രൂരത കലർന്ന മുഖമായിരിയ്ക്കും നാം ഓർക്കുക, അവർ ഒരു പക്ഷേ ഒട്ടേറെ സൗമ്യ കഥാപാത്രങ്ങളെ അവതരിപ്പിച്ചിട്ടുള്ളവർ ആയിരിയ്ക്കാം താനും.

അതേപോലെ നമ്മെക്കുറിച്ച് മറ്റുള്ളവരുടെ മനസ്സിലും ഒട്ടേറെ ചിത്രങ്ങൾ

# ധന നിക്ഷേപ പദ്ധതികളും തട്ടിപ്പുകളും

Er.*ഇ.എം.നസീർ,ചിറയിൻകീഴ്*

സമ്പാദ്യശീലം എപ്പോഴും നല്ല കാര്യമാണ്. ബാങ്കുകൾ തുടങ്ങിയ ധനകാര്യ സ്ഥാപന ങ്ങളിൽ നാം മിച്ചം വയ്ക്കുന്ന പണം നിക്ഷേപിച്ച് വരുമാനമുണ്ടാക്കാം. എന്നാൽ ചില ധനകാര്യസ്ഥാപനങ്ങൾക്ക് നിക്ഷേപ കരെ കബളിപ്പിക്കുകയെന്ന ലക്ഷ്യമേയുള്ളൂ. അതിന് പലതരം തന്ത്രങ്ങളും അവരുടെ കൈവശമുണ്ട്. ഇത്തരം സ്ഥാപനങ്ങളിലേക്ക് നിക്ഷേപകരെ നയിക്കാൻ സ്ഥാപന മേധാവി കളെയും വെല്ലുന്നത്ര തരികിട തന്ത്രങ്ങളുള്ള ഏജന്റുമാരുമുണ്ട്.

മൂല്യശോഷണം ഇന്നുള്ളത്ര ശിലായു ഗത്തിൽ പോലുമുണ്ടായിരിക്കാനിടയില്ല. പണത്തിനു വേണ്ടി ഒരു ഉളുപ്പുമില്ലാത്ത ഏതു വൃത്തികെട്ട വേഷവും കെട്ടും..എത്ര വേണമെങ്കിലും തരം താഴും എന്തും ചെയ്യും. തട്ടിപ്പു പ്രസ്ഥാനങ്ങളുടെ കാര്യവും ഇതു തന്നെയാണ്. നിയമങ്ങൾ നിസ്സഹായ തയോടെയുള്ള നോക്കുകുത്തികളാവുകയോ ഇത്തരം തട്ടിപ്പുകാർക്ക് പ്രോത്സാഹനം ചെയ്യുന്ന വിധത്തിൽ കണ്ണടച്ചു കൊടുക്കു കയോ ഒക്കെ ചെയ്യും. നിയമത്തിന്റെ പിടിയിൽ പെടാതിരിക്കാനുള്ള കൗശല തന്ത്രങ്ങളും ഒളിപ്പിച്ചു വെച്ചിട്ടുള്ള ചതിവ്യവസ്ഥകളും പഞ്ചാരയിൽ പൊതിഞ്ഞ വാഗ്ദാനങ്ങളിലൂടെ അതിവിദഗ്ദമായി പ്രയോഗിച്ച് ചിന്താശേഷി കുറഞ്ഞ നിക്ഷേപകരെ ഇത്തരക്കാർ വഞ്ചിച്ചു വരുന്നു.

ഷെയർമാർക്കറ്റുമായി ബന്ധപ്പെട്ടുള്ള നിക്ഷേപങ്ങൾ വളരെ റിസ്ക്കുള്ളതാണ് എത്രയോ ലക്ഷം ടിക്കറ്റുകൾ വിൽക്കുമ്പോൾ ഒരാളിന് ഭാഗ്യക്കുറി അടിക്കുന്നതു പോലെ വല്ലപ്പോഴും ആർക്കെങ്കിലും ലഭിക്കുന്ന

---

ഉണ്ടായിരിയ്ക്കാം. ഇത് നമ്മുടെ ചിന്ത, വാക്ക്, പ്രവൃത്തി, രൂപം, ഭാവം എന്നിവയി ലൂടെയുള്ള പ്രതിഫലനങ്ങളുടെ ആകെത്തു കയെന്നു കരുതാം പൊതുവിൽ. ഈ പ്രതിഫലനം Reflection ആണ് യഥാർത്ഥ ത്തിൽ മറ്റുള്ളവരുടെ മനസ്സിൽ നമ്മുടെ വ്യക്തിത്വം. നാം ഓരോ കാര്യത്തിൽ ഇടപെടുമ്പോഴും, നമ്മുടെ പ്രവൃത്തികൾ മറ്റുള്ളവരിൽ ഏതുതരത്തിലുള്ള പ്രതികരണ ങ്ങളാണ് ഉളവാക്കുക എന്നതിനെക്കുറിച്ചുള്ള ഒരു ഏകദേശ ധാരണ നമുക്കുണ്ടാകണം. ഇതുകൂടി ആകുമ്പോഴേ Self awareness" (തന്നിലുള്ള അറിവെന്ന് പ്രായോഗികമായി മനസ്സിലാക്കാം) പൂർണ്ണമാകുന്നുള്ളൂ. ഇതു തന്നെയാണ് യഥാർത്ഥത്തിൽ നമ്മുടെ വ്യക്തിത്വം.

നമ്മൾ പലരേയും വിമർശിയ്ക്കാറുണ്ട്, പലതിനേയും വിലയിരുത്താറുണ്ട്. "Self awareness" ഉണ്ടാകുന്നെങ്കിൽ പലപ്പോഴും നമുക്ക് അതിന് കഴിയുകയില്ല, കഴിയുമോ? ഓരോ വിമർശനശരവും ഉതിർക്കുമ്പോൾ നാം അതിന് അർഹരാണോ എന്നുകൂടി ആലോചിയ്ക്കാനുള്ള മനസാന്നിധ്യം കൂടി ഉണ്ടായിക്കഴിഞ്ഞാൽ നാം ഭാഗീകമായി വിജയിച്ചു വെന്നുവേണം കരുതാൻ. ✵

അപൂർവ നേട്ടത്തെ ഉയർത്തിക്കാട്ടി തട്ടിപ്പു പ്രസ്ഥാനങ്ങളുടെ ഏജന്റുമാരായ നമ്മുടെ ബന്ധുക്കളോ സുഹൃത്തുക്കളോ നമ്മെ സമീപിക്കും. ഏജന്റിന് നാം നിക്ഷേപിക്കുന്ന പണത്തിന്റെ കുറഞ്ഞത് മൂന്നിലൊരു ഭാഗം നിക്കേപത്തുകയുടെ ആദ്യ ഗഡുക്കളിൽ നിന്ന് തട്ടിപ്പു കമ്പനി കൊടുക്കും.

നിക്ഷേപകരെ സംബന്ധിച്ചിടത്തോളം അവരുടെ മണ്ടത്തരമോ, പണത്തോടുള്ള അതിമോഹമോ, സന്മനസ്സോ അവർക്ക് വിനയായി മാറും. സന്മനസ്സാണ് മിക്കവാറും വിനയാകുക. അടുത്ത ബന്ധുവിനെ അല്ലെങ്കിൽ സുഹൃത്തിനെ വെറുപ്പിക്കാനാവാത്ത നിസ്സഹായതയാണ് നിക്ഷേപ പദ്ധതികളിലൊളിഞ്ഞിരിക്കുന്ന അപകട സാദ്ധ്യതകൾ അറിയിക്കാതെ ബന്ധുക്കൾ/സുഹൃത്തുക്കൾ മുതലെടുക്കുന്നത്. നിക്ഷേപകർ കാണിക്കുന്ന സ്നേഹ സൗഹാർദ്ദ സമീപനങ്ങളെ ശരിക്കും ചൂഷണം ചെയ്യുകയാണ് ഏജന്റുമാർ. അപ്പോൾ അത്തരക്കാരുടെ മുന്നിൽ പതറാതെ "No'പറയാൻ നാമെന്തിനു മടിക്കണം?

വർഷം തോറും തവണകളായിട്ടു മൂന്നുവർഷം കൊണ്ട് നിക്ഷേപിക്കുന്ന തുക നാലാം വർഷം ഇരട്ടിയാകുമെന്നൊക്കെയുള്ള പ്രലോഭനങ്ങളിൽ വിശ്വസിച്ചു പോയാൽ കുടുങ്ങിയതു തന്നെ. വെറും ഊഹകച്ചവടമനുസരിച്ചുള്ള ഷെയർ വ്യാപാരത്തിനനുസരിച്ചാണ് നിക്ഷേപകന്റെ സമ്പാദ്യം വളരുന്നതും ശോഷിക്കുന്നതും. വളരെ അപൂർവ്വങ്ങളിൽ അപൂർവ്വമായ അവസരങ്ങളൊഴിച്ചാൽ ഇത്തരം നിക്ഷേപങ്ങളിൽ നിന്നുമുളള ലാഭം ബാങ്കുകളിലെ സ്ഥിരം നിക്ഷേപങ്ങളിൽ നിന്നു കിട്ടുന്ന പലിശയെക്കാൾ വളരെ കുറവായിരിക്കും.

നിക്ഷേപ കാലാവധി കഴിഞ്ഞ് പണം കൈയിൽ കിട്ടുമ്പോൾ ആ തുക എങ്ങനെയാണ് കണക്കു കൂട്ടിയെടുത്തതെന്ന് സ്റ്റേറ്റുമെന്റു പോലും തരില്ല. ഇവരുടെ സ്ഥാപനങ്ങളിൽ അന്വേഷിച്ചാൽ അഡ്മിനി സ്റ്റേറ്റീവ് ചാർജ്ജ് കഴിഞ്ഞതിനു ശേഷമുള്ള തുകയുടെ എട്ടു ശതമാനം കൂടി കുറവു ചെയ്തതിനു ശേഷമുള്ള തുകയാണെന്ന് മറുപടി കിട്ടും. ഈ എട്ടു ശതമാനം ഏതു വകുപ്പിലെന്ന് ചോദിച്ചാൽ മറുപടിയുണ്ടാകാറില്ല.

ഒരു ബന്ധുവിനെ നിരസിക്കാനാവാതെ ഒരു നിക്ഷേപ തട്ടിപ്പു പദ്ധതിയിൽ ചേർന്ന് കൈ പൊള്ളിയ അനുഭവമുണ്ട്. ഇത് മറ്റുള്ളവർക്കുണ്ടാകാതിരിക്കാനാണീ കുറിപ്പ്. ഇത്തരം തട്ടിപ്പുമായി സമീപിക്കുന്നവരെ മുഖവിലയ്ക്കുതന്നെ നിരസിച്ചാൽ പിൽക്കാലത്തു സംഭവിക്കുന്ന നിത്യ നീരസമൊഴിവാക്കാനാകും. കഷ്ടനഷ്ടങ്ങൾക്കു ശേഷമുള്ള നിതാന്ത വിദ്വേഷത്തെക്കാൾ എത്രയോ ചെറുതായിരിക്കും വെറുമൊരു ചെറു പ്രയോഗത്തിലൂടെയുണ്ടാകുന്ന ചെറു പിണക്കം.അല്ലെങ്കിൽത്തന്നെ ചതിക്കാൻ വരുന്ന വരുടെ സ്നേഹം കൊണ്ടെന്തു പ്രയോജനം ?

✵


കേരളകൗമുദി

2011 ഒക്ടോബർ 25 ചൊവ്വ

തിരുവനന്തപുരം

ബോർഡിൽ ശമ്പളപരിഷ്കരണം ഉടൻ


തിരുവനന്തപുരം: വൈദ്യുതിബോർഡിൽ എൻജിനിയർമാരുടെയും ഉദ്യോഗസ്ഥരുടെയും ശമ്പളപരിഷ്കരണം ഉടൻ നടപ്പാക്കുമെന്ന് മന്ത്രി ആര്യാടൻ മുഹമ്മദ് അറിയിച്ചതായി കെ. എസ്. ഇ. ബി എൻജിനിയേഴ്സ് അസോസിയേഷൻ ഭാരവാഹികൾ അറിയിച്ചു. അസോസിയേഷൻ ഭാരവാഹികളുമായി നടത്തിയ ചർച്ചയിലാണ് മന്ത്രി ഉറപ്പു നൽകിയത്

# "ബലിച്ചോറ്"

Er.P.Raghavan, Kannur


സപ്തതിയാണിന്നെന്റെ, ആഘോഷിക്കുവാൻ-
സ്വന്തക്കാരെല്ലാവരും എത്തുമെന്നറിയുന്നു.
ഇത്തരമാഘോഷങ്ങൾ വെറും ബാഹ്യപ്രകടനങ്ങൾ
ഉദരപൂരണത്തിനായുണ്ടാക്കിയ തോന്ന്യാസങ്ങൾ.
കൊട്ടും  കുരവയുമായുണ്ടാക്കും ബഹളങ്ങൾ-
ക്കെപ്പൊഴും പിറകിലായിരുന്നെന്റെ  ഇരിപ്പിടം.
ഇന്നെന്നെ മുന്നിലിരുത്തി സ്തുതിഗീതം പൊഴിക്കുമ്പോൾ
നിർവികാരമെൻമനം പിന്നോട്ടു കുതിക്കുന്നു:-
മക്കൾക്കും ചെറുമക്കൾക്കും ജന്മദിനാഘോഷങ്ങൾ
മുറതെറ്റാ താശംസിക്കും തപാലിൽ ഒരുവാക്കിൽ!
പിന്നിട്ടെൻ പിറന്നാളുകൾ ഒന്നുമേയറിഞ്ഞീല
മുന്നോട്ടു കാലം കുതിച്ചെത്തിയീ സപ്തതിയിൽ!
ഇത്രയും നാളെന്നെ ഒറ്റത്തുരുത്തിലിരുത്തിയ
മിത്ര ജനങ്ങളെല്ലാമൊന്നിച്ചു രസിക്കുന്നു.
അർദ്ധപട്ടിണിയിലുമുണ്ടാക്കിയ  സ്വത്തുക്കളെ-
ന്നന്ത്യനാളുകളിൽ സ്വസ്ഥമായിരിക്കുവാൻ!
ഇന്നിവർക്കതെല്ലാം വേണമെന്നൂഹം  കേട്ടൂ.
എന്നിട്ടുവേണം ഇനിയെങ്ങോട്ടോ കൂട്ടിപ്പോകാൻ.
ഇനിയാർക്കു വേണമീ യസ്ഥിപഞ്ജ്ജരത്തിനെ
യമദേവൻ കയറുമായ് കാത്തുനില്പുണ്ടാമിപ്പോൾ
ഇങ്ങനെ ശിഥിലമായ് പോയ്പോയീ ബന്ധങ്ങളെ-
ന്നന്ത്യനാളൊടുക്കുവാൻ ആർക്കെന്തു കൊടുക്കണം?
ഇന്നിനി കേൾപ്പിക്കുമോ ആ വിധിവാചകങ്ങൾ
മക്കൾ തന്നരികിലോ?  വൃദ്ധസദനത്തിലോ?
പണ്ടൊരു സുഹൃത്തെന്നോടോതിയ തമാശയാം
'ചാവടിയന്തിരത്തിന് കാശിത്തിരി  സൂക്ഷിച്ചീടാൻ!!
ഇന്നു ഞാനുൾക്കൊള്ളുന്നാ മാന്യന്റെയുപദേശം
ഉണ്ടിടാം, ജീവൻ നിൽക്കെ, ഒരു പങ്ക് ബലിച്ചോറ്!!

✵



ഗാന്ധിജയന്തിയോടനുബന്ധിച്ച് പുന്നപ്ര സബ് സ്റ്റേഷൻ പരിസരത്തു നടന്ന ശുചീകരണ പ്രക്രിയയിൽ Er.George Mathew, Executive Engineer ജീവനക്കാർക്ക് പ്രതിജ്ഞാ വാചകം ചൊല്ലിക്കൊടുക്കുന്നു.

## Farewell



Er. Thomas paul, joined in KSEB as Sub Engineer in 1980 in Moolamattom Power House. He has completed AMIE in 1982 and was promoted as Assistant Engineer in 1988. He has worked in all the three wings of KSE Board. He served the Association at various levels. He is a loyal and active member of the Association. He retired from Board's service on superannuation on 31-8-2011 as Assistant executive Engineer from Idamalayar Power House.

The KSEB Engineers Association wishes him a happy and peaceful retirement life.



Inauguration of Engineers Day Celebration by
Er V J Paul, Executive Engineer,Electrical Division Kasaragod
conducted by kasaragod unit.



A Technical class on "Control and protection of substation and Equipments' conducted by Er Jayadevan Nair V,Asst Engineer, Relay sub Division Mylatty on Engineers Day celebration at kasaragod unit.




Photos of family Meet -2011 conducted by Thiruvananthapuram Unit at Varkkala on 5-10-2011. Er.M.Muhammed Ali Rawther, Member, Transmission & Generation (Operation) inaugurated the function.



October 2011 Reg.No. KL/TV(N)/229/2009-11 Price ₹ 5

Licensed to Post without prepayment - No.KL/TV(N)WPP/65/ 2009 -11

**KERALA STATE ELECTRICITY BOARD ENGINEERS ASSOCIATION**

**ENGINEERS HOUSE, T.C 26/1300, PANAVILA, TRIVANDRUM - 695 001**

**PHONE. 0471-2330696, FAX : 0471-2330853**



Sri.Aryadan Muhammed, Hon'ble Minister for Electricity inaugurating the renovated Website ksebea. in of KSEB Engineers Association in the chamber of Minister on 4-101-2011 at 4.30PM



Edited, Printed & Published by Er. P. Murali, Chief Editor, Hydel Bullet for and on behalf of KSEB Engineers' Association, Panavila, Trivandrum-01 Ph: 2330696, web: ksebea.in
at Bhagath, Pattom, Trivandrum - 4 Ph: 0471- 4017097,bhagathpattom@yahoo.com

For private circulation only